بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 18

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

2026 ഏപ്രിൽ 30 • ഹി.ശം 1405 ശഹാദത്ത് 30 • ഹി. ഖ. 1447 ദുൽഖഅദഃ 12

## വിശുദ്ധ ഖുർആനിൽ നിന്ന്:



یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا کُوۡنُوۡا قَوّٰمِیۡنَ لِلّٰہِ شُہَدَآءَ بِالۡقِسۡطِ ۫ وَلَا یَجۡرِمَنَّکُمۡ شَنَاٰنُ قَوۡمٍ عَلٰۤی اَلَّا تَعۡدِلُوۡا ؕ اِعۡدِلُوۡا ۟ ہُوَ اَقۡرَبُ لِلتَّقۡوٰی ۫ وَاتَّقُوا اللّٰہَ ؕ اِنَّ اللّٰہَ خَبِیۡرٌۢ بِمَا تَعۡمَلُوۡنَ ۔ ﴿سُوۡرَۃُ الۡمَآئِدَۃِ:9﴾

വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യംവഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.

اِنَّ اللّٰہَ یَاۡمُرُ بِالۡعَدۡلِ وَالۡاِحۡسَانِ وَاِیۡتَآیِٔ ذِی الۡقُرۡبٰی وَیَنۡہٰی عَنِ الۡفَحۡشَآءِ وَالۡمُنۡکَرِ وَالۡبَغۡیِ ۚ یَعِظُکُمۡ لَعَلَّکُمۡ تَذَکَّرُوۡنَ ۔ ﴿سُوۡرَۃُ النَّحۡلِ:91﴾

നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾ ക്കെന്നപോലെ (അന്യർക്കും) സഹായം നൽകുന്നതിനും അല്ലാഹു കൽപിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധകർമ്മത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.



ഹദീസ്:

## കരാറുകൾ പാലിക്കുന്നതിൽ തിരുനബി(സ)യുടെ നിസ്തുല മാതൃക

ഹദ്റത്ത് ഹസൻ ബിൻ അലി ബിൻ അബീ റാഫിഅ്(റ), അബൂ റാഫിഅ്(റ)നെ ഉദ്ധരിച്ച് പ്രസ്താവിക്കുന്നു: ഖുറൈശികൾ എന്നെ ഒരു ദൂതനായി തിരുനബി(സ)യുടെ അടുക്കലേക്ക് അയച്ചു. തിരുനബി(സ)യെ കണ്ടമാത്രയിൽ ഇസ്ലാമിന്റെ സത്യാവസ്ഥ എന്റെ ഹൃദയത്തിൽ രൂഢമൂലമായി. ഞാൻ തിരുനബി(സ)യോട് അപേക്ഷിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണെ സത്യം, ഇനി ഒരിക്കലും ഞാൻ അവരുടെ അടുത്തേക്ക് മടങ്ങിപ്പോകില്ല.'

അപ്പോൾ തിരുനബി(സ) പറഞ്ഞു: 'എനിക്ക് കരാറുകൾ ലംഘിക്കാൻ കഴിയില്ല, ഒരു ദൂതനെ തടഞ്ഞുവെക്കുന്നത് ശരിയാണെന്ന് ഞാൻ കരുതുന്നുമില്ല. അതുകൊണ്ട് ഇപ്പോൾ നീ മടങ്ങിപ്പോകുന്നതാണ് ഉചിതം. അവിടെ ചെന്നശേഷവും നിന്റെ ഹൃദയത്തിലെ ഈ അവസ്ഥ (ഇസ്ലാമിനോടുള്ള താൽപര്യം) ഇപ്രകാരം തന്നെ തുടരുകയാണെങ്കിൽ നിനക്ക് മടങ്ങിവരാം.'

അബൂ റാഫിഅ്(റ) പറയുന്നു: അങ്ങനെ ഞാൻ ഖുറൈശികളുടെ അടുക്കൽ പോയി കാര്യങ്ങൾ അവരെ ധരിപ്പിച്ചു. അതിനുശേഷം മദീനയിൽ തിരിച്ചെത്തി ഇസ്ലാം സ്വീകരിച്ചു. *(അവലംബം: ഹദീഖത്തുസ്സാലിഹീൻ, പേജ്: 606)*



ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:

## ശത്രുത നീതി ചെയ്യാൻ തടസ്സമാകരുത്!

സത്യസന്ധതയിൽ ഉറച്ചുനിൽക്കാതെ കൈവരിക്കാൻ കഴിയാത്ത നീതിയെക്കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

لَا یَجۡرِمَنَّکُمۡ شَنَاٰنُ قَوۡمٍ عَلٰۤی اَلَّا تَعۡدِلُوۡا اِعۡدِلُوۡا ہُوَ اَقۡرَبُ لِلتَّقۡوٰی

അതായത്, ശത്രുതയുള്ള വിഭാഗത്തോടുള്ള വിരോധം നീതി പ്രവർത്തിക്കുന്നതിൽ നിന്ന് നിങ്ങളെ തടയാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക, അതാണ് തഖ്‌വയോട് (ദൈവഭക്തി) ഏറ്റവും അടുത്തത്.

അക്രമം പ്രവർത്തിക്കുകയും കഷ്ടപ്പെടുത്തുകയും രക്തച്ചൊരിച്ചിലുകൾ നടത്തുകയും പിന്തുടർന്ന് വന്ന് ദ്രോഹിക്കുകയും സ്ത്രീകളെയും കുട്ടികളെയും വധിക്കുകയും ചെയ്യുന്ന വിഭാഗത്തോട് മക്കയിലെ കാഫിറുകൾ ചെയ്തതുപോലെ എന്നിട്ടും യുദ്ധങ്ങളിൽ നിന്ന് പിന്തിരിയാത്ത അത്തരം ആളുകളുമായുള്ള ഇടപാടുകളിൽ നീതി പുലർത്തുക എന്നത് എത്രത്തോളം പ്രയാസകരമായ കാര്യമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ ഖുർആനിക അധ്യാപനങ്ങൾ അത്തരം കടുത്ത ശത്രുക്കളുടെ അവകാശങ്ങൾ പോലും നശിപ്പിച്ചിട്ടില്ല, മറിച്ച് നീതിക്കും സത്യസന്ധതയ്ക്കും വേണ്ടി വസിയ്യത്ത് ചെയ്തിരിക്കുകയാണ്.

ഞാൻ സത്യം പറയുന്നു, ശത്രുവിനോട് വിനയത്തോടെ പെരുമാറുന്നത് എളുപ്പമാണ്; എന്നാൽ ശത്രുവിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതും തർക്കവിഷയങ്ങളിൽ നീതിയും ന്യായവും കൈവിടാതിരിക്കുന്നതും വളരെ പ്രയാസകരമാണ്. അത് ധീരരായ മനുഷ്യർക്ക് മാത്രം സാധ്യമാകുന്ന കാര്യമാണ്.

ശേഷം പേജ് 10 ൽ

തഫ്സീർ കബീറിൽ നിന്ന്:
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## ശത്രുവിന്റെ തിന്മയ്ക്ക് അത്യുത്തമമായ നന്മയിലൂടെ മറുപടി നൽകുക

اِدۡفَعۡ بِالَّتِیۡ ہِیَ اَحۡسَنُ السَّیِّئَۃَ ؕ نَحۡنُ اَعۡلَمُ بِمَا یَصِفُوۡنَ

(സൂറത്തുൽ മുഅ്മിനൂൻ: 97)

എന്ന ഖുർആൻ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ശത്രു അക്രമി ആണെങ്കിൽപ്പോലും നീ അവനോട് ഔദാര്യത്തോടും വിട്ടുവീഴ്ചയോടും കൂടി പെരുമാറണമെന്നാണ് ഇവിടെ പഠിപ്പിക്കുന്നത്. കാരണം തിന്മയ്ക്ക് പകരം നന്മ ചെയ്യുക എന്നത് ദൃഢനിശ്ചയമുള്ള പ്രവാചകന്മാരുടെ സ്വഭാവമാണ്. 'ശത്രു എന്നോട് അക്രമം പ്രവർത്തിച്ചു, എന്നിട്ടും എന്റെ വിട്ടുവീഴ്ച കാരണം അവൻ ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടല്ലോ, അവൻ വീണ്ടും എന്തെങ്കിലും കുസൃതികൾ കാണിക്കില്ലേ' എന്ന ചിന്ത നിന്റെ മനസ്സിൽ വരരുത്. കാരണം, അവന്റെ ഓരോ തന്ത്രത്തെക്കുറിച്ചും എനിക്ക് നന്നായി അറിയാം, എന്റെ ശിക്ഷാരക്ഷാ നടപടികളിൽ നിന്ന് ഒന്നിനും പുറത്തുപോകാൻ കഴിയില്ല.'

മറ്റൊരിടത്ത് ഇതിന്റെ യുക്തി വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു :

اِدۡفَعۡ بِالَّتِیۡ ہِیَ اَحۡسَنُ فَاِذَا الَّذِیۡ بَیۡنَکَ وَبَیۡنَہٗ عَدَاوَۃٌ کَاَنَّہٗ وَلِیٌّ حَمِیۡمٌ

(സൂറ ഹാ മീം അസ്സജദ: 35)

അതായത്, നീ ശത്രുവിന്റെ തിന്മയ്ക്ക് അത്യുത്തമമായ നന്മയിലൂടെ മറുപടി നൽകുക. അതിന്റെ ഫലം എന്തെന്നാൽ, നിന്നോട് ശത്രുതയിലായിരുന്ന ആ വ്യക്തി നിന്റെ ഈ സൽസ്വഭാവം കണ്ട് ലജ്ജിതനാവുകയും നിന്റെ ഉറ്റ സുഹൃത്തായി മാറുകയും ചെയ്യും. മറ്റുള്ളവരുടെ ഉപദ്രവങ്ങളിൽ നിന്ന് രക്ഷപ്പെടാനും അവർക്ക് സ്വയം തിരുത്താനുള്ള ചിന്ത ഉണ്ടാകാനുമാണല്ലോ ശിക്ഷ നൽകുന്നത്. എന്നാൽ മറ്റൊരാളുടെ ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഏക വഴി ശിക്ഷ നൽകുക എന്നത് മാത്രമല്ല; മറിച്ച്, വിട്ടുവീഴ്ചയിലൂടെയാണ് അവന്റെ പരിഷ്കരണം സാധ്യമാകുന്നതെങ്കിൽ അവന് മാപ്പുനൽകുന്നതാണ് ഉചിതം. ഇതിലൂടെ എന്തെങ്കിലും മോശം ഫലം ഉണ്ടാകുമെന്ന് കരുതി നീ പരിഭ്രമിക്കേണ്ടതില്ല. കാരണം, നിന്റെ ഈ പെരുമാറ്റം ആ വ്യക്തിയെ സ്വാധീനിക്കാതിരിക്കില്ല. അവന്റെ തല താഴ്ന്നുപോകുകയും അവൻ നിന്റെ സൗഹൃദത്തെയും സ്നേഹത്തെയും മുറുകെപ്പിടിക്കുകയും ചെയ്യും.'

ശേഷം പേജ് 10 ൽ

അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# സമാധാനം കൊതിക്കുന്ന ലോകം!

അമേരിക്ക, ഇസ്രായേൽ, ഇറാൻ യുദ്ധം തുടങ്ങിയിട്ട് ഇപ്പോൾ ഒരു മാസത്തിലേറെയായി. ഈ യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇതിനൊരു തീരുമാനമാകുമെന്ന് കരുതിയിരുന്നെങ്കിലും, രാഷ്ട്രീയ വിദഗ്ധരുടെയും നിരീക്ഷകരുടെയും കണക്കുകൂട്ടലുകൾക്ക് വിപരീതമായി യുദ്ധം നീണ്ടുപോവുകയാണെന്ന് മാത്രമല്ല, ഇതിന്റെ ജീവഹാനിയും സാമ്പത്തിക നഷ്ടങ്ങളും ഇസ്രായേൽ ഇറാൻ അതിർത്തികൾ ഭേദിച്ച് മറ്റ് ഗൾഫ് രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. അറബ് രാജ്യങ്ങളും ഇസ്രായേലും ഇറാനും ഓരോ നിമിഷവും വലിയ ജീവഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതുവരെ ഇറാൻ, ഇസ്രായേൽ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ ആയിരക്കണക്കിന് സൈനികവ്യവസായ ലക്ഷ്യസ്ഥാനങ്ങൾ ആക്രമിക്കപ്പെട്ടു കഴിഞ്ഞു. നമ്മുടെ രാജ്യമായ ഭാരതം ഉൾപ്പെടെയുള്ള മറ്റ് ഏഷ്യൻയൂറോപ്യൻ രാജ്യങ്ങളും ഇപ്പോൾ എണ്ണ, ഗ്യാസ് വിലവർദ്ധനവിനും വർദ്ധിച്ചുവരുന്ന പണപ്പെരുപ്പത്തിനും ഇരയായിരിക്കുകയാണ്. ഹോർമുസ് കടലിടുക്കിനെയും (Strait of Hormuz) ഇപ്പോൾ ചെങ്കടലിലെ (Red Sea) ജലപാതകളെയും യുദ്ധം ബാധിച്ചതോടെ വൻ സാമ്പത്തിക നഷ്ടം സംഭവിക്കുന്നുണ്ട്. ഇതിന്റെ ആഘാതം ഏഷ്യയോടൊപ്പം ചില യൂറോപ്യൻ രാജ്യങ്ങളെയും പൊള്ളിക്കുന്നു.

ഈ യുദ്ധം ദീർഘകാലം തുടരുകയാണെങ്കിൽ ഇതൊരു ലോകമഹായുദ്ധമായി മാറാൻ ശക്തമായ സാധ്യതകളുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിൽ, ഈ യുദ്ധത്തിൽ A.I (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഉപയോഗിക്കുന്നത് അതിനെ കൂടുതൽ അപകടകരമാക്കും; അവിടെ ധാർമ്മിക മൂല്യങ്ങൾക്കോ മാനുഷിക പരിഗണനകൾക്കോ സ്ഥാനമുണ്ടാകില്ല. അമേരിക്കൻ പ്രസിഡന്റിന്റെ സമീപകാല പ്രസ്താവനകളിൽ നിന്ന് രണ്ട് മൂന്ന് ആഴ്ചകൾക്കുള്ളിൽ യുദ്ധം അവസാനിപ്പിക്കാനുള്ള സൂചനകൾ ലഭിക്കുന്നുണ്ടെങ്കിലും, അദ്ദേഹത്തിന്റെ മുൻകാല പ്രസ്താവനകൾ പരിഗണിച്ച് ആഗോള വൃത്തങ്ങൾ ഇതിൽ അന്തിമമായ ഒരു അഭിപ്രായം പറയുന്നതിൽ നിന്ന് വിട്ടുനിൽക്കുകയാണ്. ഇറാനും അമേരിക്കയും ഇപ്പോൾ താൽക്കാലികമായി വെടിനിർത്തലിന് (Ceasefire) സമ്മതിച്ചിട്ടുണ്ട് എന്നത് ആശ്വാസകരമാണ്, എങ്കിലും തുടക്കം മുതൽ തന്നെ ഇതിനുമേൽ ആശങ്കയുടെ നിഴൽ നിലനിൽക്കുന്നതിനാൽ ഇത് എത്രത്തോളം സുസ്ഥിരമായിരിക്കുമെന്ന് ഉറപ്പിച്ചു പറയാൻ കഴിയില്ല.

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു തആലാ ബിനസ്‌രിഹിൽ അസീസ്) വർഷങ്ങൾക്ക് മുമ്പ് തന്നെ ഇതിനെക്കുറിച്ച് ബ്രിട്ടീഷ് പാർലമെന്റ്, ജർമ്മനിയിലെ കോബ്ലെൻസ് മിലിട്ടറി ഹെഡ്ക്വാർട്ടേഴ്സ്, വാഷിംഗ്ടൺ ഡി.സി.യിലെ ക്യാപിറ്റൽ ഹിൽ എന്നിവിടങ്ങളിൽ കോൺഗ്രസ്സെനറ്റ് അംഗങ്ങളെയും അംബാസഡർമാരെയും വൈറ്റ് ഹൗസ്, സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരെയും അഭിസംബോധന ചെയ്തിരുന്നു. കൂടാതെ യൂറോപ്യൻ പാർലമെന്റിലും മറ്റ് പലയിടങ്ങളിലും ലോകമഹായുദ്ധത്തിന്റെ അപകടസാധ്യതകൾ മുൻകൂട്ടി കണ്ടു കൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായി പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അതുപോലെ ഇസ്രായേൽ, ഇറാൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ പ്രസിഡന്റുമാർക്ക് ഗൗരവമേറിയ കത്തുകൾ എഴുതിക്കൊണ്ട് ഈ വിഷയത്തിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. ആ പ്രഭാഷണങ്ങളും കത്തുകളും ഇന്നും ലോകവാസികൾക്ക് മുന്നിൽ കർമ്മപഥത്തിലേക്കുള്ള ആഹ്വാനമായി നിലകൊള്ളുന്നു.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ) 14 വർഷങ്ങൾക്ക് മുമ്പ്, 2012 ഫെബ്രുവരി 26ന് ഇസ്രായേൽ പ്രധാനമന്ത്രി മിസ്റ്റർ ബെഞ്ചമിൻ നെതന്യാഹുവിന് ഒരു കത്തെഴുതിയിരുന്നു. അതിൽ പറയുന്നു:

‘ലോകമഹായുദ്ധത്തിന്റെ മാരകമായ പ്രത്യാഘാതങ്ങൾ നിങ്ങളുടെ കൺമുന്നിലുണ്ടായിട്ടും നിങ്ങൾ ഇറാനെ ആക്രമിക്കാൻ തയ്യാറെടുക്കുന്നതായി ഞങ്ങൾ വാർത്തകൾ കേൾക്കുന്നു. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ കോടിക്കണക്കിന് ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടപ്പോൾ ലക്ഷക്കണക്കിന് യഹൂദന്മാരും കൊല്ലപ്പെട്ടിരുന്നു. നിങ്ങളുടെ രാജ്യത്തിന്റെ പ്രധാനമന്ത്രി എന്ന നിലയിൽ സ്വന്തം ജനതയുടെ ജീവൻ സംരക്ഷിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദിത്തമാണ്. ലോകത്തിന്റെ ഇന്നത്തെ അവസ്ഥ വ്യക്തമാക്കുന്നത്, അടുത്ത ലോകമഹായുദ്ധം വെറും രണ്ട് രാജ്യങ്ങൾ തമ്മിലുള്ള പോരാട്ടമായിരിക്കില്ല, മറിച്ച് രാജ്യങ്ങളുടെ ബ്ലോക്കുകൾ തമ്മിലുള്ള ഏറ്റുമുട്ടലായിരിക്കും എന്നാണ്. ഒരു ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത ഗൗരവകരമായി നിലനിൽക്കുന്നു, ഇത് മുസ്‌ലിങ്ങളുടെയും ക്രൈസ്തവരുടെയും യഹൂദന്മാരുടെയും ജീവന് ഭീഷണിയാണ്. ദൈവം തടയട്ടെ, അത്തരമൊരു യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അത് മനുഷ്യനാശത്തിന്റെ തുടർച്ചയായിരിക്കും; വരും തലമുറകൾ വികലാംഗരായി ജനിക്കാൻ അത് കാരണമാകും. അടുത്ത യുദ്ധത്തിൽ ആണവായുധങ്ങൾ ഉപയോഗിക്കപ്പെടും എന്നതാണ് ഇതിന് കാരണം.

ലോകത്തെ യുദ്ധത്തിന്റെ വക്കിലെത്തിക്കുന്നതിന് പകരം, മനുഷ്യരാശിയെ ആഗോള നാശത്തിൽ നിന്ന് സംരക്ഷിക്കാൻ സാധ്യമായ പരമാവധി ശ്രമം നടത്തണമെന്ന് ഞാൻ താങ്കളോട് അഭ്യർത്ഥിക്കുന്നു. തർക്കങ്ങൾ പരിഹരിക്കാൻ ശക്തി ഉപയോഗിക്കുന്നതിന് പകരം സംഭാഷണത്തിന്റെയും ചർച്ചകളുടെയും പാത സ്വീകരിക്കുക. അങ്ങനെ നമ്മുടെ വരും തലമുറയ്ക്ക് വികലാംഗത്വത്തിന് പകരം ശോഭനമായ ഒരു ഭാവി നൽകാൻ നമുക്ക് സാധിക്കട്ടെ.’ *(ഹുസൂർ എഴുതിയ ഇംഗ്ലീഷ് കത്തിന്റെ വിവർത്തനം: ‘വേൾഡ് ക്രൈസിസ് ആൻഡ് ദി പാത്ത് ടു പീസ്’, പേജ് 160)*

അതുപോലെ ഹുസൂർ ആ ദിവസങ്ങളിൽ തന്നെ ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് ഇറാന്റെ പ്രസിഡന്റിനും കത്തെഴുതിയിരുന്നു. അതിന്റെ ചില ഭാഗങ്ങൾ താഴെ നൽകുന്നു:

‘ലോകസമാധാനത്തിന് നേരിടുന്ന ഭീഷണികൾ നിങ്ങളെ ഈ കത്തെഴുതാൻ എന്നെ പ്രേരിപ്പിച്ചിരിക്കുന്നു. ഇറാന്റെ തലവൻ എന്ന നിലയിൽ നിങ്ങളുടെ ജനതയുടെ ഭാവി മാത്രമല്ല, ലോകം മുഴുവനും പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാൻ താങ്കൾക്ക് കഴിയും. ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും ചെറിയ തോതിലുള്ള യുദ്ധങ്ങൾ ആരംഭിച്ചു കഴിഞ്ഞു, മറ്റ് ചിലയിടങ്ങളിൽ ലോകശക്തികൾ സമാധാനം സ്ഥാപിക്കാനെന്ന വ്യാജേന ഇടപെടലുകൾ നടത്തുന്നു. ഇന്ന് ഓരോ രാജ്യവും ഒന്നുകിൽ മറ്റൊരു രാജ്യത്തിന്റെ ശത്രുതയിലാണ് അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തിന്റെ പിന്തുണക്കാരനാണ്. എന്നാൽ നീതിയുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ ആരും ശ്രദ്ധിക്കുന്നില്ല. ആഗോള സാഹചര്യങ്ങൾ കാണുമ്പോൾ മറ്റൊരു ലോകമഹായുദ്ധത്തിന് അടിത്തറ പാകി കഴിഞ്ഞു എന്ന് ഖേദപൂർവ്വം പറയേണ്ടി വരുന്നു.

ലോകത്തെ ചെറുതും വലുതുമായ പല രാജ്യങ്ങളും ആണവായുധങ്ങൾ കൈവശം വെച്ചിട്ടുണ്ടെന്നും അവർ പരസ്പരം വിദ്വേഷവും ശത്രുതയും വെച്ചുപുലർത്തുന്നുണ്ടെന്നും എല്ലാവർക്കും അറിയാം. ഈ ദുഷ്കരമായ സാഹചര്യത്തിൽ മൂന്നാം ലോകമഹായുദ്ധത്തിന്റെ കാർമേഘങ്ങൾ ഞങ്ങൾക്ക് വ്യക്തമായി കാണാൻ കഴിയുന്നു. ആണവായുധങ്ങളുടെ ഈ ആധിക്യം മൂന്നാം ലോകമഹായുദ്ധം ഒരു അണുയുദ്ധമായിരിക്കുമെന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. ഇത് വലിയ തോതിലുള്ള നാശത്തിന് പുറമെ, വരും തലമുറകൾ വികലാംഗരായി ജനിക്കുന്നതിനും കാരണമാകും.’

സമാധാനത്തിന്റെ ദൂതനും റഹ്മത്തുൽ ആലമീനുമായ ഹദ്റത്ത് നബി തിരുമേനി(സ)യുടെ ഉമ്മത്തിൽപ്പെട്ടവർ എന്ന നിലയിൽ, ലോകത്ത് ഇത്തരമൊരു വിനാശം സംഭവിക്കുന്നത് നമുക്ക് ഒരിക്കലും സഹിക്കാനാവില്ല. അതിനാൽ ഇറാനോട് എന്റെ അഭ്യർത്ഥന ഇതാണ്; തങ്ങളുടെ ആഗോള പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് മൂന്നാം ലോകമഹായുദ്ധത്തിനുള്ള സാധ്യതകൾ കുറയ്ക്കുന്നതിൽ ഇറാൻ സജീവമായ പങ്കുവഹിക്കണം.

ഇസ്രായേൽ അതിന്റെ പരിധികൾ ലംഘിക്കുന്നുണ്ടെന്നും അവരുടെ കണ്ണ് ഇറാന് മേലാണെന്നും ഞാൻ സമ്മതിക്കുന്നു. വാസ്തവത്തിൽ ഏതെങ്കിലും രാജ്യം നിങ്ങളെ ആക്രമിക്കുകയാണെങ്കിൽ പ്രതിരോധിക്കാൻ നിങ്ങൾക്ക് പൂർണ്ണ അവകാശമുണ്ട്. എങ്കിലും സാധ്യമായടത്തോളം തർക്കവിഷയങ്ങളിൽ ചർച്ചകളുടെയും സംഭാഷണങ്ങളുടെയും പാത സ്വീകരിക്കുന്നതിലാണ് ക്ഷേമമുള്ളത്. പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തിക്ക് പകരം ചർച്ചകളുടെ വഴി തിരഞ്ഞെടുക്കണമെന്ന് ഞാൻ താങ്കളോട് അഭ്യർഥിക്കുകയാണ്.

ഈ കാലഘട്ടത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ യഥാർത്ഥ ദാസനായി നിയോഗിക്കപ്പെട്ട, മസീഹ് മൗഊദും ഇമാം മഹ്ദിയുമാണെന്ന് വാദിച്ചപുണ്യപുരുഷന്റെ പ്രതിനിധി എന്ന നിലയിലാണ് ഞാൻ നിങ്ങളോട് ഈ അഭ്യർഥന നടത്തുന്നത്. മനുഷ്യനെ തന്റെ യഥാർത്ഥ സ്രഷ്ടാവുമായി ബന്ധിപ്പിക്കുക എന്നതും, തന്റെ നേതാവായ റഹ്മത്തുൽ ആലമീൻ(സ) കാണിച്ചുതന്ന മാതൃകയിൽ ജനങ്ങൾക്കിടയിൽ നീതിയും ന്യായവും സ്ഥാപിക്കുക എന്നതുമാണ് അദ്ദേഹത്തിന്റെ നിയോഗ ലക്ഷ്യം. അല്ലാഹു മുസ്‌ലിം ഉമ്മത്തിന് ഈ മനോഹരമായ അധ്യാപനം മനസ്സിലാക്കാൻ തൗഫീഖ് നൽകട്ടെ. *(വേൾഡ് ക്രൈസിസ് ആൻഡ് ദി പാത്ത് ടു പീസ്, പേജ് 167169)*

ഹുസൂർ 2012 മാർച്ച് 08ന് അമേരിക്കൻ പ്രസിഡന്റിന് എഴുതിയ കത്തിന്റെ ചില ഭാഗങ്ങൾ താഴെ നൽകുന്നു. അദ്ദേഹം എഴുതുന്നു:

‘ലോകത്ത് വർദ്ധിച്ചുവരുന്ന ആശങ്കാജനകമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് താങ്കൾക്ക് ഈ കത്തെഴുതുന്നത് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു. കാരണം താങ്കൾ ലോകത്തെ ഏറ്റവും വലിയ ശക്തിയായ

ശേഷം പേജ് 11 ൽ

# ഖുത്ബ ജുമുഅ

2026 മാർച്ച് 6, 1405 അമാൻ 6
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

## പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ മുസ്‌ലിം ലോകത്തിനുള്ള ഉപദേശങ്ങളും ദു:ആക്ക് വേണ്ടിയുള്ള ആഹ്വാനവും

### ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ചെറിയ മകൾ സാഹിബ് സാദി അമത്തുൽ ജമീൽ സാഹിബയെ കുറിച്ചുള്ള അനുസ്മരണം

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ- بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ-

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

**തിരുനബി(സ) കൊണ്ടുവന്ന സന്ദേശത്തിന്റെ ലക്ഷ്യം ഏകനായ അല്ലാഹുവിൽ വിശ്വസിക്കുക, അവനെ ആരാധിക്കുക, അവന്റെ ഏകത്വം സ്ഥാപിക്കുക, അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക, ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പരിശ്രമിക്കുക എന്നിവയായിരുന്നു. കൂടാതെ, ഒരു ഏകീകൃത ഉമ്മത്തായിത്തീരുകയും സഹോദരങ്ങളെപ്പോലെ ഒന്നിച്ച് ജീവിക്കുകയും ചെയ്യുക എന്നതായിരുന്നു ആ സന്ദേശത്തിന്റെ ഉദ്ദേശ്യം. എന്നാൽ ഇന്ന്, 'لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوۡلُ اللّٰهِ' എന്ന കലിമ ചൊല്ലുന്നുണ്ടെന്ന് അവകാശപ്പെടുമ്പോഴും മുസ്‌ലിം ഉമ്മത്ത് ഐക്യമില്ലാതെ ഭിന്നിച്ചുനിൽക്കുകയാണ്. അവരുടെ പ്രവൃത്തികൾ അവർ പിന്തുടരുന്നു എന്ന് അവകാശപ്പെടുന്ന പ്രബോധനങ്ങളെ പ്രതിഫലിപ്പിക്കുന്നില്ല. ഇതിന്റെ ഫലമായി, മുസ്‌ലിം ലോകത്തിന്റെ നിലവിലെ അവസ്ഥ അങ്ങേയറ്റം ആശങ്കാജനകമാണ്.**

ചില മുസ്‌ലിം രാജ്യങ്ങൾക്ക് പ്രകൃതിവിഭവങ്ങളും സമ്പത്തും ഉണ്ടെങ്കിലും, ലോകശക്തികൾ അവരെ കാര്യമായി പരിഗണിക്കുന്നില്ല. ഇസ്‌ലാം മതത്തിന്റെ പ്രചാരണത്തിൽ അവർ കാര്യമായ പങ്കുവഹിക്കുന്നില്ലെന്ന് മാത്രമല്ല, ഇസ്‌ലാമിക അധ്യാപനങ്ങൾ പിന്തുടരുന്നതിനായി വേണ്ടത്ര പരിശ്രമങ്ങൾ നടത്തുന്നുമില്ല. ഇതിന്റെ അനന്തരഫലം വ്യക്തമാണ്; ഞാൻ മുമ്പ് പലതവണ പറഞ്ഞിട്ടുള്ളതുപോലെ, മുസ്‌ലിം ഇതര വിഭാഗങ്ങൾ ഈ സാഹചര്യങ്ങൾ മുതലെടുക്കുകയാണ് ചെയ്യുന്നത്. അതിനാൽ, കേവലം സ്വന്തം താൽപ്പര്യങ്ങൾക്ക് പിന്നാലെ പോകുന്നതിന് പകരം, മുസ്‌ലിം സർക്കാരുകളും രാഷ്ട്രീയക്കാരും ഭരണാധികാരികളും ഒരു ഉമ്മത്തായി ഒന്നിക്കാൻ പരമാവധി ശ്രമിക്കണം. എങ്കിൽ മാത്രമാണ് ഭൗതിക ശക്തികളുടെ ആക്രമണങ്ങളിൽ നിന്ന് സ്വയം രക്ഷിക്കാൻ നമുക്ക് സാധിക്കുക. അപ്പോൾ മാത്രമേ നമ്മുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും ഇസ്‌ലാം വിരുദ്ധ ശക്തികൾ ഭിന്നിപ്പുണ്ടാക്കുന്നത് തടയാനും നമുക്ക് കഴിയുകയുള്ളൂ.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി അല്ലാഹു ഈ കാലഘട്ടത്തിൽ നമുക്കായി സ്ഥാപിച്ചിട്ടുള്ള വ്യവസ്ഥയെക്കുറിച്ചും നമ്മൾ ചിന്തിക്കേണ്ടതുണ്ട്. ഈ സാഹചര്യങ്ങളിൽ നിന്ന് നമ്മെത്തന്നെ സംരക്ഷിക്കാനും ഒരു ഉമ്മത്തായി ഒന്നിക്കാനും നമുക്ക് സ്വീകരിക്കാൻ കഴിയുന്ന ആ ദിവ്യ വ്യവസ്ഥ ഏതാണ്?

**ഒരു ഏകീകൃത ഉമ്മത്തിനെ രൂപീകരിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു എന്നതാണ് അല്ലാഹു സ്ഥാപിച്ച വ്യവസ്ഥ.** അതിനാൽ നമ്മൾ ഇതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. മുസ്‌ലിം ലോകത്തെ രാജ്യങ്ങളും മുസ്‌ലിംകളും ഇതിനെക്കുറിച്ച് ചിന്തിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ മാത്രമേ അവർക്കെതിരെ ഉണ്ടാകുന്ന കലഹങ്ങളിൽ നിന്നും ഭിന്നതകളിൽ നിന്നും അവർക്ക് സ്വയം രക്ഷിക്കാനാകൂ. എന്നിരുന്നാലും, **അഹ്മദികൾ എന്ന നിലയിൽ, അല്ലാഹു മുസ്‌ലിം ഉമ്മത്തിനെ ഒന്നിപ്പിക്കാനും അവർ നിലവിൽ നേരിടുന്ന നാശങ്ങളിൽ നിന്നും അനീതികളിൽ നിന്നും അവരെ സംരക്ഷിക്കാനും നമ്മൾ പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും വേണം.**

ലോകത്തിന്റെ അവസ്ഥയെക്കുറിച്ച് ഞാൻ ദീർഘകാലമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. മുമ്പ്, യൂറോപ്പും മറ്റ് പാശ്ചാത്യ രാജ്യങ്ങളും മാത്രമായിരിക്കും നിലവിലെ സാഹചര്യത്തിന് പിന്നിലെ പ്രധാന കാരണമെന്ന് കരുതിയിരുന്നു; തീർച്ചയായും അവർ അതിൽ പങ്കുവഹിച്ചിട്ടുണ്ട്.

എന്നിരുന്നാലും, **മുസ്‌ലിം രാജ്യങ്ങളും ഇതിലൊരു ഘടകമാണ്. പാശ്ചാത്യ ശക്തികൾ അവരുടെ ലക്ഷ്യങ്ങൾ നേടുന്നതിനായി ആദ്യം മുസ്‌ലിം രാജ്യങ്ങളിൽ അരാജകത്വം സൃഷ്ടിക്കുകയും പിന്നീട് ക്രമേണ ഈ കുഴപ്പങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. അവരുടെ ലക്ഷ്യങ്ങൾ തികച്ചും വ്യക്തമാണ്: ഈ രാജ്യങ്ങളുടെ വിഭവങ്ങൾ കൈക്കലാക്കുന്നതിനായി അവരെ സ്വാധീനിക്കാൻ അധികാരം പ്രയോഗിക്കുക എന്നതാണ് അവരുടെ താല്പര്യം. ചില അറബ് രാജ്യങ്ങൾക്ക് സമ്പത്തുണ്ടായിട്ടും, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ പാശ്ചാത്യ ശക്തികൾ അവരെ തങ്ങളുടെ സ്വാധീനത്തിലും നിയന്ത്രണത്തിലും ആക്കിയിരിക്കുകയാണ്.**

എന്തുതന്നെയായാലും, പുറത്തുള്ളവരോടും നമ്മുടെ ആളുകളോടും ഞാൻ ദീർഘകാലമായി പറഞ്ഞുകൊണ്ടിരിക്കുന്ന ആശങ്കകൾ ഇന്ന് വ്യക്തമായി വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ദജ്ജാലിയൻ ശക്തികൾ ഒരിക്കലും മുസ്‌ലിംകൾ സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് നമ്മൾ എപ്പോഴും ഓർക്കണം. മുസ്‌ലിം ലോകത്ത് ശാശ്വതമായ ഭിന്നതയുണ്ടാക്കുക എന്നതാണ് അവരുടെ കൃത്യമായ അജണ്ട.

**എണ്ണയുടെയും മറ്റ് വിഭവങ്ങളുടെയും വലിയ ശേഖരമുള്ള അറബ് രാജ്യങ്ങളുമായി സമാധാനം സ്ഥാപിക്കാനെന്ന പേരിൽ തങ്ങൾ ഉടമ്പടികളും കരാറുകളും ഉണ്ടാക്കുന്നുണ്ടെന്ന് പറഞ്ഞ് ദജ്ജാലിയൻ ശക്തികൾ പലപ്പോഴും ആളുകളെ വഞ്ചിച്ചിട്ടുണ്ട്.**

എന്നാൽ യാഥാർത്ഥ്യത്തിൽ അവരുടെ ഗൂഢപദ്ധതികൾ ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നു, അവ ഇപ്പോൾ വ്യക്തമായി തെളിഞ്ഞിരിക്കുകയാണ്. അതിനാൽ, പ്രത്യേകിച്ച് ഈ ദിവസങ്ങളിൽ, അല്ലാഹുവിന്റെ മുമ്പാകെ പ്രാർത്ഥനയിൽ ശിരസ്സ് നമിക്കുക എന്നത് നമ്മുടെ കടമയാണ്, **മുസ്‌ലിം ലോകത്തിന് വേണ്ടി പ്രാർത്ഥിക്കുക; കാരണം ഈ സമയത്ത് അതിന്റെ വലിയ ആവശ്യകതയുണ്ട്.**

**മിഡിൽ ഈസ്റ്റിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തെക്കുറിച്ച് നമ്മൾ വിലയിരുത്തിയാൽ ഒരു കാര്യം വ്യക്തമാകും: വിവിധ മുസ്‌ലിം രാജ്യങ്ങളിൽ അമേരിക്ക നിരവധി സൈനിക താവളങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ഉദ്ദേശ്യമെന്താണ്? എന്താണ് അതിന് നിമിത്തമായത്? അത് യഥാർത്ഥത്തിൽ ആ രാജ്യങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയാണോ? അറബ് രാജ്യങ്ങൾക്ക് എവിടെ നിന്നായിരുന്നു ഭീഷണി നേരിട്ടിരുന്നത്? വാസ്തവത്തിൽ, ഈ ശക്തികൾ തന്നെ ഭീഷണികൾ സൃഷ്ടിക്കുകയും, തുടർന്ന് ഈ രാജ്യങ്ങൾ അപകടത്തിലാണെന്നും അതിനാൽ അവരുടെ സംരക്ഷണത്തിന് സൈനിക താവളങ്ങൾ ആവശ്യമാണെന്നുമുള്ള ഒരു ആഖ്യാനം കെട്ടിപ്പടുക്കുകയുമായിരുന്നു.**

എങ്കിലും, മുസ്‌ലിംകൾ യഥാർത്ഥത്തിൽ ഭീഷണി നേരിട്ടേക്കാവുന്ന ശക്തികൾക്കെതിരെ ഈ താവളങ്ങളോ ആയുധങ്ങളോ ഒരിക്കലും ഉപയോഗിക്കപ്പെടില്ല; പകരം, തങ്ങളുടെ താൽപ്പര്യങ്ങൾക്കും വ്യാപാരത്തിനും ഗുണകരമാകുമെന്ന ഉറപ്പിന്മേൽ ഈ താവളങ്ങൾ അവർക്ക് വിട്ടുകൊടുക്കാൻ മുസ്‌ലിംകൾ പ്രേരിപ്പിക്കപ്പെടുകയായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ, അവരുടെ പ്രധാന ലക്ഷ്യം സ്വന്തം എതിരാളികളെ നേരിടുന്നതിനായി ഈ മേഖലയിൽ ശക്തമായ സാന്നിധ്യം ഉറപ്പിക്കുക എന്നതാണ്.

അറബ് രാജ്യങ്ങൾ ഏതെങ്കിലും തരത്തിലുള്ള ഭീഷണി നേരിട്ടിട്ടുണ്ടെങ്കിൽ പോലും, അവ അധികവും ഈ ശക്തികൾ തന്നെ രൂപപ്പെടുത്തിയതായിരുന്നു; അതല്ലാതെ മുസ്‌ലിം രാജ്യങ്ങൾക്ക് സ്വാഭാവികമായ യാതൊരു അപകടവും നേരിടാനുണ്ടായിരുന്നില്ല. ഏതായാലും, ഈ മേഖലയിൽ തങ്ങളുടെ ആധിപത്യം നിലനിർത്താനാണ് ഈ സൈനിക താവളങ്ങൾ സ്ഥാപിച്ചത്. ഇസ്‌ലാമിതര ലോകത്തിന് മേൽ മാത്രമല്ല, ഇസ്‌ലാമിക ലോകത്തിന് മേലും മേധാവിത്വം പുലർത്താൻ അവർ ആഗ്രഹിച്ചു.

**ഇറാൻ ദീർഘകാലമായി അവർക്ക് ആശങ്കയ്ക്കും ഭീതിക്കും കാരണമായിരുന്നു, കൂടാതെ വിശ്വാസപരമായ വ്യത്യാസങ്ങൾ കാരണം ചില മുസ്‌ലിം രാജ്യങ്ങളും ഇറാനെതിരായിരുന്നു. മറ്റ് ശക്തികൾ ഈ സാഹചര്യം മുതലെടുത്തു. ഇസ്രായേലിനെതിരെ ഇറാൻ വളരെ കർക്കശമായ നിലപാട് സ്വീകരിച്ചതിനാൽ, ഇസ്രായേലിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനും തങ്ങളുടെ സാന്നിധ്യത്തിലൂടെ ഇറാനെ ഭയപ്പെടുത്തുന്നതിനുമായി അറബ് രാജ്യങ്ങളെ നിയന്ത്രിക്കുകയും അവിടെ താവളങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നത് ഉചിതമാണെന്ന് മറ്റ് ശക്തികൾ കരുതി.**

യഥാർത്ഥ്യം ഇപ്പോൾ തികച്ചും വ്യക്തമായിരിക്കുകയാണ്. ഈ സൈനിക താവളങ്ങളുടെ ഫലമായി ഒടുവിൽ സംഭവിച്ച കാര്യങ്ങളുടെ പ്രത്യാ

ഘാതങ്ങൾ നമ്മൾ കണ്ടു. അറബ് രാജ്യങ്ങൾ ആക്രമണ ലക്ഷ്യങ്ങളായി മാറുകയും അവരുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് നാശം സംഭവിക്കുകയും ചെയ്തു. എണ്ണസമ്പത്തുള്ള രാജ്യങ്ങളെയും വിനോദസഞ്ചാരത്തിലൂടെ വരുമാനം കണ്ടെത്തുന്ന രാജ്യങ്ങളെയും ഇത് ദോഷകരമായി ബാധിച്ചു.

ഈ അവസ്ഥ ആ ശക്തികൾക്ക് ഗുണകരമായി ഭവിച്ചു, അത് തുടരുകയും ചെയ്യും. യുദ്ധം പൊട്ടിപ്പുറപ്പെടുകയും സമ്പദ്‌വ്യവസ്ഥയെ ബാധിക്കുകയും ചെയ്യുമ്പോൾ, സ്വാഭാവികമായും എതിർപക്ഷം തിരിച്ചടിക്കുകയും മറ്റേ പക്ഷത്തിന്റെ താവളങ്ങൾ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. ഇറാനുമായി സംഘർഷം നിലനിന്നിരുന്നതിനാൽ, ഇന്ന് നമ്മൾ കാണുന്ന രീതിയിൽ ഇറാൻ പ്രതികരിച്ചു: അറബ് രാജ്യങ്ങളിൽ സ്ഥിതി ചെയ്യുന്ന അമേരിക്കൻ താവളങ്ങളെ അവർ ലക്ഷ്യം വെക്കുകയും ആക്രമിക്കുകയും ചെയ്തു, അവ നശിപ്പിക്കപ്പെടുകയോ നാശനഷ്ടങ്ങൾ സംഭവിക്കുകയോ ചെയ്തു.

അറബികൾ ജാഗ്രത പാലിക്കണമെന്നും കരുതിയിരിക്കണമെന്നും അടുത്തിടെ ഒരു അറബ് മാധ്യമ പ്രവർത്തകൻ എഴുതുകയുണ്ടായി. ആ മാധ്യമപ്രവർത്തകന്റെ അഭിപ്രായത്തിൽ, ഇറാന്റെ പേരിൽ ആരോപിക്കപ്പെടുന്ന ആക്രമണങ്ങൾ ഇറാൻ മാത്രം ചെയ്തതാകണമെന്നില്ല; അമേരിക്കയ്ക്കും ഇസ്രായേലിനും അതിൽ പങ്കുണ്ടാകാം. പ്രാരംഭ ആക്രമണങ്ങൾ നടത്തിയത് ഇറാൻ ആണെങ്കിൽ പോലും, ഈ ശക്തികൾ ഇപ്പോൾ സാഹചര്യം മുതലെടുത്ത് സ്വന്തം നിലയിൽ ആക്രമണങ്ങൾ നടത്തിയേക്കാം. ചില സംഭവങ്ങളുടെ ഉത്തരവാദിത്തം ഇറാൻ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഘട്ടത്തിൽ അമേരിക്കയും ഇസ്രായേലും ഈ യുദ്ധത്തിൽ നിന്ന് പിന്മാറുകയും, മുസ്‌ലിം ലോകം തമ്മിലടിച്ച് നശിക്കാൻ വിട്ടുകൊടുക്കുകയും ചെയ്തേക്കാം എന്ന് ആ മാധ്യമപ്രവർത്തകൻ എഴുതി; അതുതന്നെയാണ് അവരുടെ ലക്ഷ്യവും.

ഇറാഖ് യുദ്ധസമയത്ത്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇതേ മുന്നറിയിപ്പ് നൽകിയിരുന്നു. *(അവ: ഗൾഫ് ക്രൈസസ് (ഉർദു) പേജ്: 29, 76)*

**ഈ കുഴപ്പങ്ങൾ ലോകമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കും എന്ന് മുസ്‌ലിം ലോകം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായേനെ.** ഇറാഖ് യുദ്ധത്തോടൊപ്പം തന്നെ മറ്റ് മുസ്‌ലിം രാജ്യങ്ങളിലേക്കും സംഘർഷം വ്യാപിപ്പിക്കാൻ എങ്ങനെയൊക്കെ ശ്രമങ്ങൾ നടന്നുവെന്ന് ഇപ്പോൾ നോക്കുക. ആ രാജ്യങ്ങളിൽ ആഭ്യന്തര കലഹങ്ങളും ഭിന്നതകളും സൃഷ്ടിക്കപ്പെട്ടു, അന്നുമുതൽ മറ്റ് മുസ്‌ലിം രാജ്യങ്ങളിലും നിരന്തരമായ അശാന്തി തുടരുകയാണ്. ആർക്കും ഇത് നിഷേധിക്കാനാവില്ല. ഇന്ന് മുസ്‌ലിം ലോകത്ത് നമ്മൾ കാണുന്നതുപോലെ ചില മുസ്‌ലിം രാജ്യങ്ങൾ തമ്മിൽത്തമ്മിൽ പോലും പോരാടുകയാണ്.

ഞാൻ പറഞ്ഞതുപോലെ, ഈ അശാന്തി പടർത്തിയത് പാശ്ചാത്യ ശക്തികളാണ്. അല്ലാഹുവിന്റെ പ്രത്യേകമായ ഒരു വിധി ഉണ്ടാകാതെ ഇതിനൊരു അന്ത്യം കാണുന്നില്ല. അങ്ങനെയൊന്ന് സംഭവിക്കണമെങ്കിൽ പോലും അവർ പരിശ്രമിക്കേണ്ടതുണ്ട്. ഏതായാലും, മുസ്‌ലിം ലോകത്തെ ഈ അശാന്തിയിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും അല്ലാഹു കാത്തുരക്ഷിക്കാനും, മുസ്‌ലിംകൾ സമാധാനത്തിനായി പരിശ്രമിക്കാനും സഹോദരങ്ങളെപ്പോലെ ഒന്നിച്ച് ജീവിക്കാനും നമ്മൾ പ്രാർത്ഥിക്കണം. പരസ്പരം രക്തം ചിന്തുക എന്നതല്ല, മറിച്ച് ഇതാണ് ഇസ്‌ലാമിന്റെ അധ്യാപനം.

അതുകൊണ്ട് **ഇത് നമ്മുടെ ഉത്തരവാദിത്തമാണ്. അനീതിയിൽ നിന്ന് വിട്ടുനിൽക്കാൻ ദീർഘകാലമായി നമ്മൾ സ്വന്തം ആളുകളെയും മറ്റുള്ളവരെയും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അക്രമവും അനീതിയും ദിവസം ചെല്ലുന്തോറും വർദ്ധിച്ചുവരുന്നത് ഒരു വലിയ ലോകമഹായുദ്ധത്തിന് കാരണമായേക്കാം. ചില പാശ്ചാത്യ നിരീക്ഷകരുടെ അഭിപ്രായത്തിൽ ലോകമഹായുദ്ധം ആരംഭിച്ചുകഴിഞ്ഞു, ഞാനും വിശ്വസിക്കുന്നത് അത് തുടങ്ങിക്കഴിഞ്ഞു എന്നാണ്. എന്നിരുന്നാലും, ഇപ്പോഴെങ്കിലും മുസ്‌ലിം ലോകം വിവേകം കാണിക്കുകയും ബോധവാന്മാരാവുകയും ഒന്നിച്ച് പ്രവർത്തിക്കുകയും ചെയ്താൽ ദജ്ജാലിന്റെ നാശങ്ങളിൽ നിന്ന് അവർക്ക് സുരക്ഷിതരായിരിക്കാൻ സാധിക്കും.**

ലോകസാഹചര്യങ്ങളെ വിലയിരുത്തിയാൽ ലോകം ഗുരുതരമായ അപകടത്തിലാണെന്ന് വ്യക്തമാകും. ഞാൻ നേരത്തെ പറഞ്ഞതുപോലെ, എല്ലാവരും സ്വന്തം താൽപ്പര്യങ്ങൾക്ക് പിന്നാലെയാണ്. അമിതമായ സ്വാർത്ഥത ഉണ്ടാകുമ്പോൾ തങ്ങളെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും ഒരാൾ ചിന്തിക്കില്ല.

അതുകൊണ്ട്, ലോകത്തിലെ കുഴപ്പങ്ങളും സംഘർഷങ്ങളും ശമിപ്പിക്കാൻ വ്യക്തിഗത അവകാശങ്ങൾക്ക് വേണ്ടി മാത്രം വാദിച്ചതുകൊണ്ട് കാര്യമില്ലെന്ന് നമ്മൾ മനസ്സിലാക്കണം; മറിച്ച് അവകാശങ്ങൾ മറ്റുള്ളവർക്ക് വകവെച്ചു നൽകുകയും വേണം. മുസ്‌ലിം ലോകം ഇത് മനസ്സിലാക്കുകയും, പാശ്ചാത്യ രാജ്യങ്ങളിലെയും വൻശക്തികളിലെയും സഹാനുഭൂതിയുള്ളവരോട് സമാധാന സ്ഥാപനത്തിനായി അവരും ചില അവകാശങ്ങൾ ഉപേക്ഷിക്കേണ്ടതുണ്ടെന്ന് വിശദീകരിച്ചു കൊടുക്കുകയും വേണം (യഥാർത്ഥത്തിൽ അവരാണ് മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിയെടുക്കുന്നത്). അതിനാൽ, നീതിയുക്തമായും നിഷ്പക്ഷമായും പ്രവർത്തിക്കണമെന്ന് നമ്മൾ അവർക്ക് പറഞ്ഞുകൊടുക്കണം. എങ്കിൽ മാത്രമേ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയൂ.

**ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കുറച്ചുനാളായി ഞാൻ ഈ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ വാക്കുകൾ കേട്ടപ്പോൾ, ലോകം ഭയാനകമായ ഒരു യുദ്ധത്തിലേക്ക് കൂപ്പുകുത്തുമെന്ന് ഞാൻ പറയുന്നത് വെറും അശുഭചിന്തയാണെന്നും കാര്യങ്ങളെ നിഷേധാത്മകമായി അവതരിപ്പിക്കുകയാണെന്നും പറഞ്ഞവർ തന്നെ, ഇന്ന് നിലപാട് മാറ്റിയിരിക്കുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പ് അസാധ്യമെന്ന് അവർ കരുതിയ കാര്യങ്ങൾ ഇന്ന് യാഥാർത്ഥ്യമായിത്തീർന്നുവെന്നും യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടുവെന്നും അവർ തന്നെ ഇപ്പോൾ പറയുന്നു.**

അമേരിക്കയിലെയും യൂറോപ്പിലെയും അവരുടെ സ്വന്തം വിശകലന വിദഗ്ധർ പോലും ഒരു ലോകമഹായുദ്ധത്തിന്റെ തുടക്കം രൂപപ്പെട്ടുകഴിഞ്ഞുവെന്നും ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെ അത് കൂടുതൽ രൂക്ഷമാകുമെന്നും ഇപ്പോൾ എഴുതിത്തുടങ്ങിയിട്ടുണ്ട്. ഈ ആളുകൾ തങ്ങളുടെ അവിഹിതമായ സ്വാർത്ഥ താൽപ്പര്യങ്ങൾ പിന്തുടരുന്നത് തുടരുന്നിടത്തോളം കാലം, ഈ അപകടം കുറയാൻ യാതൊരു സാധ്യതയുമില്ല.

**യുദ്ധം നടക്കുമ്പോൾ ഇരുപക്ഷത്തും നാശനഷ്ടങ്ങൾ സംഭവിക്കുന്നു. അമേരിക്ക ഇറാനെ ആക്രമിച്ചതോടെയാണ് മിഡിൽ ഈസ്റ്റിലെ ഇപ്പോഴത്തെ യുദ്ധം തുടങ്ങിയതെന്ന് പറയപ്പെടുന്നു. എന്നാൽ, തങ്ങൾ ആക്രമിക്കപ്പെട്ടാൽ അറബ് രാജ്യങ്ങളിലെ അമേരിക്കൻ താവളങ്ങളെ ലക്ഷ്യം വെക്കുമെന്ന് ഇറാൻ വ്യക്തമായും പരസ്യമായും മുന്നറിയിപ്പ് നൽകിയിരുന്നു. ഏത് പ്രത്യേക ലക്ഷ്യത്തിനായാണോ ഈ താവളങ്ങൾ സ്ഥാപിക്കപ്പെട്ടത്, അതിനായി അവ ഇപ്പോൾ ഉപയോഗിക്കപ്പെടുന്നത് നമുക്ക് കാണാം.**

യുദ്ധം തുടങ്ങിയപ്പോൾ ഇറാനിൽ ബോംബാക്രമണം നടന്നു, അവരുടെ നഗരങ്ങൾ നശിപ്പിക്കപ്പെട്ടു, കുട്ടികളടക്കം നിരപരാധികളായ ആളുകൾ കൊല്ലപ്പെട്ടു. അവരുടെ ആത്മീയ നേതാവിന്റെ വസതി ആക്രമിക്കപ്പെടുകയും അദ്ദേഹത്തിന്റെ കുടുംബത്തിലെ നിരവധി അംഗങ്ങൾ കൊല്ലപ്പെടുകയും ചെയ്തു. ഈ ഭരണം അവസാനിപ്പിക്കുമെന്നും അതോടെ ഇറാനിലെ ജനങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്നുമാണ് ഈ ശക്തികൾ വിശ്വസിച്ചതും പ്രഖ്യാപിച്ചതും. എന്നാൽ ഇതിന്റെ യഥാർത്ഥ ഫലം എന്തായിരുന്നു?

മുമ്പ് ഭരണകൂടത്തോട് അല്പമൊക്കെ വിയോജിപ്പിലായിരുന്നവർ പോലും ഇപ്പോൾ അവരെ പിന്തുണയ്ക്കാൻ തുടങ്ങിയിരിക്കുന്നു. **അവരുടെ നേതാവ് ഖമനേയിയ്ക്ക് ശഹാദത്ത് പദവി ലഭ്യമായി. രക്തസാക്ഷിത്വം എന്ന ഈ കാഴ്ചപ്പാട് കാരണം രാജ്യത്ത് അദ്ദേഹത്തിന്റെ പദവി ഗണ്യമായി ഉയർന്നു. അദ്ദേഹത്തിന്റെ മക്കളും കുടുംബത്തിലെ നിരവധി അംഗങ്ങളും കൊല്ലപ്പെട്ടു. ഈ അനീതിയുടെ ഫലമായി, ഒരു ഭരണമാറ്റം സംഭവിക്കുന്നതിന് പകരം സ്വന്തം ജനങ്ങൾക്കിടയിൽ അദ്ദേഹത്തോടുള്ള ആദരവും ബഹുമാനവും വർദ്ധിക്കുകയാണുണ്ടായത്.**

എന്തുതന്നെയായാലും, **പാശ്ചാത്യ ശക്തികളുടെയും അമേരിക്കയുടെയും അറബ് രാജ്യങ്ങളിലുള്ള താവളങ്ങളെ ആക്രമിച്ചുകൊണ്ടാണ് ഇറാൻ പ്രതികരിച്ചത്.** ഇതുകൂടാതെ, സൗദി അറേബ്യയിലെ എണ്ണക്കിണറുകൾക്കും മറ്റ് സ്ഥലങ്ങൾക്കും നേരെ ഇറാൻ ആക്രമണം നടത്തിയെന്ന് അമേരിക്ക മുന്നറിയിപ്പ് നൽകുകയും, ഇതിന് പകരമായി ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ചില സന്ദർഭങ്ങളിൽ, ആക്രമണം നടന്നുകഴിഞ്ഞുവെന്നും അതിനാൽ തങ്ങൾ തക്കതായ തിരിച്ചടി നൽകുമെന്നും അവർ അവകാശപ്പെട്ടു. ഇതിന് മറുപടിയായി,

• ഹദീഥുന്നബ്‌വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

തങ്ങൾ അത്തരം സ്ഥലങ്ങൾ ആക്രമിച്ചിട്ടില്ലെന്നും അതിന് ഉദ്ദേശിക്കുന്നില്ലെന്നും ഇറാൻ തുറന്നുപറഞ്ഞു. മുസ്‌ലിംകളുടെ ഹൃദയങ്ങളിൽ മറ്റ് മുസ്‌ലിംകളോട് വിദ്വേഷം വളർത്താൻ ലക്ഷ്യമിട്ടുള്ള മറ്റൊരു ഗൂഢപദ്ധതിയായിട്ടാണ് ഇത് കാണപ്പെടുന്നത്. നിലവിൽ തന്നെ യുദ്ധം പൊട്ടിപ്പുറപ്പെട്ടിരിക്കുകയാണ്; ശത്രുത കൂടുതൽ ജ്വലിപ്പിക്കാനുള്ള ഒരു ശ്രമം മാത്രമാണിത്. അവർ തന്നെ നാശനഷ്ടങ്ങൾ വരുത്തിയിട്ട് അത് ഇറാന്റെ മേൽ കെട്ടിവെക്കാൻ സാധ്യതയുണ്ടെന്ന് ഒരു മാധ്യമപ്രവർത്തകൻ സൂചിപ്പിച്ച കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നല്ലോ.

**ഇത്തരമൊരു സാഹചര്യത്തിൽ, മുസ്‌ലിം ലോകം അതീവ ജാഗ്രതയോടും കരുതലോടെയും പ്രവർത്തിക്കണം. എന്നാൽ അഹ്മദികളായ നമ്മൾ അതിയായ വേദന അനുഭവിക്കുന്നുണ്ടെങ്കിലും നിസ്സഹായരാണ്. അവർക്ക് മുന്നറിയിപ്പ് നൽകാനും അവർക്കായി പ്രാർത്ഥിക്കാനും, ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ തെറ്റാണെന്ന് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കാനും അല്ലാതെ നമുക്ക് മറ്റൊന്നും ചെയ്യാൻ കഴിയില്ല.**

മുസ്‌ലിം ഗവൺമെന്റുകൾ വിവേകത്തോടെ പ്രവർത്തിക്കുകയും, സ്വന്തം ദേശീയ താൽപ്പര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം മുസ്‌ലിം ഉമ്മത്തിന്റെ മൊത്തത്തിലുള്ള താൽപ്പര്യങ്ങൾ പരിഗണിക്കുകയും, യാതൊരുവിധത്തിലുള്ള വഞ്ചനയോ ചതിയോ കാണിക്കാതിരിക്കുകയും ചെയ്താൽ ഇപ്പോഴും ചില നാശനഷ്ടങ്ങൾ ഒഴിവാക്കാൻ സാധിച്ചേക്കും.

മിഡിൽ ഈസ്റ്റിലെ ചില അറബ് രാജ്യങ്ങൾക്ക് ധാരാളം എണ്ണസമ്പത്തുണ്ടെങ്കിലും, അവർക്ക് ശക്തമായ പ്രതിരോധ ശേഷിയില്ല, അവരുടെ വ്യവസായങ്ങൾ വേണ്ടത്ര വികസിച്ചിട്ടുമില്ല. എണ്ണസമ്പത്ത് കൊണ്ടോ ചിലയിടങ്ങളിൽ വിനോദസഞ്ചാര വികസനം കൊണ്ടോ മാത്രം പുരോഗതി കൈവരിക്കാനാവില്ല. അവർ ഇപ്പോഴും പൂർണ്ണമായും പാശ്ചാത്യ ലോകത്തെയും പാശ്ചാത്യ ശക്തികളെയും ആശ്രയിച്ചാണ് കഴിയുന്നത്.

**ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പാശ്ചാത്യ ശക്തികൾ ഈ ബലഹീനത മുതലെടുക്കുകയും അവിടെ തങ്ങളുടെ സൈനിക താവളങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇറാനെതിരെയുള്ള യുദ്ധം തുടങ്ങിയപ്പോൾ ഇറാനും അറബ് രാജ്യങ്ങളിൽ ആക്രമണം നടത്താൻ തുടങ്ങി. എന്നാൽ യഥാർത്ഥത്തിൽ ഇറാൻ അറബ് രാജ്യങ്ങളെയല്ല ആക്രമിക്കുന്നത്; മറിച്ച് അവിടെയുള്ള അമേരിക്കൻ താവളങ്ങളെയാണ് അവർ ലക്ഷ്യം വെക്കുന്നത്. എങ്കിലും ഈ ആക്രമണങ്ങൾ തങ്ങൾക്കെതിരെയാണെന്ന ഒരു ധാരണയാണ് ഇപ്പോൾ അറബികൾക്ക് നൽകപ്പെടുന്നത്.**

ഈ യുദ്ധം ഭയാനകമായ ഒരു തലത്തിലേക്ക് മാറിയിരിക്കുന്നു എന്നത് ഇപ്പോൾ തികച്ചും വ്യക്തമാണ്. ഇറാനിൽ നിന്ന് മിസൈലുകൾ വിക്ഷേപിക്കപ്പെടുന്നു, അവയെ തടയാൻ അമേരിക്കക്കാർ പ്രതിരോധ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ, **ഇറാൻ 10,000 ഡോളർ വിലയുള്ള ഒരു മിസൈൽ വിക്ഷേപിച്ചാൽ അതിനെ നശിപ്പിക്കാൻ വിക്ഷേപിക്കുന്ന മിസൈലിന് ദശലക്ഷക്കണക്കിന് ഡോളർ ചിലവാകുമെന്ന് വിശകലന വിദഗ്ധർ ഇപ്പോൾ എഴുതുന്നു.**

ഇത് അമേരിക്കയ്ക്ക് സാമ്പത്തികമായി വലിയ നഷ്ടമുണ്ടാക്കുമെന്ന് ചില നിരീക്ഷകർ അവകാശപ്പെടുന്നു. എന്നാൽ ഇതൊരു അഭിപ്രായം മാത്രമാണ്. ഇത്തരം വൻശക്തികൾ എല്ലാം മുൻകൂട്ടി കൃത്യമായി കണക്കുകൂട്ടുകയും ആസൂത്രണം നടത്തുകയും ചെയ്യുന്നവരാണ്. ഇതെല്ലാം അവർ നേരത്തെ തന്നെ പ്ലാൻ ചെയ്തിട്ടുണ്ടാകും. അത്തരം ശക്തികൾ ഈ നഷ്ടം സ്വയം വഹിക്കുമെന്ന് ഞാൻ കരുതുന്നില്ല; മറിച്ച് ആ രാജ്യങ്ങളെ സംരക്ഷിക്കുകയാണെന്ന് അവകാശപ്പെട്ടുകൊണ്ട് അറബ് രാജ്യങ്ങളിൽ നിന്ന് തന്നെ അവർ ഈ പണം വസൂലാക്കും.

**ഒരു വശത്ത് എണ്ണപ്പാടങ്ങൾ അടച്ചുപൂട്ടുകയും വിലക്കയറ്റം വർദ്ധിക്കുകയും എണ്ണ ഉൽപ്പാദനം കുറയുകയും ചെയ്യുന്നു; മറുവശത്ത് ഈ പ്രതിരോധ നടപടികളുടെ ചിലവും അവർ തന്നെ വഹിക്കേണ്ടി വരും. ഇതിന്റെ ഫലമായി അവരുടെ കരുതൽ ശേഖരം ഗണ്യമായി കുറയുകയും ഒരുപക്ഷേ അത് തീർന്നുപോവുകയും ചെയ്തേക്കാം. ആത്യന്തികമായി അറബ് ലോകത്തിന്റെ സമ്പദ്‌വ്യവസ്ഥ വലിയ തകർച്ചയെ നേരിടും.**

പാശ്ചാത്യ ലോകത്തിനും വൻശക്തികൾക്കും ചില നഷ്ടങ്ങൾ ഉണ്ടായേക്കാമെങ്കിലും, **ഏറ്റവും വലിയ നഷ്ടം സംഭവിക്കാൻ പോകുന്നത് അറബികൾക്കാണ്.** ഇക്കാര്യം ഇപ്പോഴെങ്കിലും അവർ മനസ്സിലാക്കേണ്ടതുണ്ട്.

നിലവിലെ അമേരിക്കൻ പ്രസിഡന്റ് മുൻ ഭരണകൂടങ്ങൾ പിന്തുടർന്ന അതേ നയങ്ങൾ തന്നെയാണ് നടപ്പിലാക്കുന്നത് എന്ന് നമ്മൾ കാണുന്നു. ഇത് ഈ സർക്കാരിന്റെ മാത്രം നയമല്ല; മറിച്ച് ദീർഘകാലമായുള്ള അവരുടെ നയമാണ്. അതായത് അവർ ആഗ്രഹിക്കുന്നിടത്തെല്ലാം വിഭവങ്ങൾ ബലപ്രയോഗത്തിലൂടെ പിടിച്ചെടുക്കുകയും പിന്നീട് എന്തെങ്കിലും ഒഴികഴിവുകൾ നിരത്തി തങ്ങളുടെ പ്രവൃത്തിയെ ന്യായീകരിക്കാൻ ശ്രമിക്കുകയും ചെയ്യും.

ഒരു രാജ്യം തങ്ങളോടൊപ്പം ചേർന്നില്ലെങ്കിൽ അവരുടെ വിഭവങ്ങൾ ബലമായി പിടിച്ചെടുക്കുമെന്നും തങ്ങളോടൊപ്പം നിൽക്കാൻ അവരെ നിർബന്ധിക്കുമെന്നും അമേരിക്കയുടെ ഇപ്പോഴത്തെ വൈസ് പ്രസിഡന്റ് പോലും പറയുകയുണ്ടായി.

യുദ്ധങ്ങളിൽ പങ്കെടുക്കാൻ വിസമ്മതിക്കുന്ന രാജ്യങ്ങൾക്ക് മേൽ നിയന്ത്രണങ്ങളും ഉപരോധങ്ങളും ഏർപ്പെടുത്തുകയാണ്. **ഈ യുദ്ധത്തിൽ തന്റെ രാജ്യം പങ്കുചേരില്ലെന്നും തങ്ങളുടെ സൈനിക താവളങ്ങൾ ഉപയോഗിക്കാൻ അനുവദിക്കില്ലെന്നും പ്രഖ്യാപിച്ചുകൊണ്ട് സ്പെയിൻ പ്രധാനമന്ത്രി അടുത്തിടെ ധീരത കാണിക്കുകയുണ്ടായി.** ഇതിന് മറുപടിയായി, സ്പെയിനുമായുള്ള വ്യാപാര ബന്ധം അമേരിക്ക അവസാനിപ്പിക്കുമെന്ന് അദ്ദേഹത്തിന് ഭീഷണി നേരിട്ടു.

ഇങ്ങനെ ഭയപ്പെടുത്തലിലൂടെയും അന്യായമായ ദ്രോഹങ്ങൾ ചെയ്യുമെന്ന ഭീഷണിയിലൂടെയും രാജ്യങ്ങളെയും ജനതകളെയും തങ്ങളോടൊപ്പം ചേരാൻ അവർ നിർബന്ധിക്കുകയാണ്.

ഇത്തരമൊരു സാഹചര്യത്തിൽ നീതി ഇല്ലാതാകുന്നു. **നീതി അപ്രത്യക്ഷമാകുമ്പോൾ നാശം അനിവാര്യമായിത്തീരുന്നു; അപകടകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് അത്തരം പ്രത്യാഘാതങ്ങളാണ്. തീർച്ചയായും, ഭാവിയിൽ ഇതിലും കഠിനവും ഭയാനകവുമായ ഫലങ്ങൾ ഉണ്ടായേക്കാം.**

അടുത്തിടെ **യൂറോപ്യൻ പാർലമെന്റിൽ ഒരു സ്പാനിഷ് വനിതാ എം.പി** വളരെ തുറന്നു സംസാരിക്കുകയുണ്ടായി. സ്ത്രീകളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് അവർ പ്രസ്താവിച്ചത്, **അമേരിക്ക നടത്തിയ ഒരു യുദ്ധത്തിലും സ്ത്രീകൾക്ക് ഒരിക്കലും സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല എന്നാണ്. ഇറാനിയൻ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയാണ് അമേരിക്ക പോരാടുന്നത് എന്ന അവകാശവാദം പൂർണ്ണമായും തെറ്റാണെന്നും അവർ പറഞ്ഞു..** ഇത്തരം നടപടികളിലൂടെ ഇറാനിയൻ സ്ത്രീകൾക്ക് ഒരിക്കലും സ്വാതന്ത്ര്യം ലഭിക്കില്ലെന്നും സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകുന്ന രീതിയിൽ ഒരു യുദ്ധം വിജയകരമായി നയിക്കാൻ അമേരിക്കയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും അവർ കൂട്ടിച്ചേർത്തു.

ചുരുക്കത്തിൽ, ഈ രാജ്യങ്ങളിൽ അമേരിക്കയ്ക്ക് നേരത്തെ തന്നെ വലിയ തോതിലുള്ള ആധിപത്യം ഉണ്ടായിരുന്നെങ്കിലും, ആ സ്വാധീനം കൂടുതൽ ശക്തമാക്കാൻ ഇപ്പോൾ ഇസ്രായേലിനെയും പരസ്യമായി ഈ ക്രമീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. **നിർബന്ധിത നടപടികളിലൂടെയും ഭീഷണിയിലൂടെയും അന്യായമായ മാർഗ്ഗങ്ങളിലൂടെയും വഞ്ചനാപരമായ പദ്ധതികളിലൂടെയും തങ്ങളുടെ തന്നെ സഹോദര മുസ്‌ലിം രാജ്യമായ ഇറാനുമായി യുദ്ധം ചെയ്യാൻ പാകത്തിൽ തങ്ങൾ ഒരു ചതിക്കുഴിയിൽ അകപ്പെടുകയാണെന്ന് അറബ് ഇസ്‌ലാമിക രാജ്യങ്ങൾ തിരിച്ചറിയുന്നില്ല. മുസ്‌ലിംകളെക്കൊണ്ട് മുസ്‌ലിംകൾക്കെതിരെ തന്നെ പോരാടാൻ സാഹചര്യമൊരുക്കുകയാണ് ഇവിടെ ചെയ്യുന്നത്.**

അതേസമയം, റഷ്യയും ചൈനയും സ്വന്തമായി മറ്റൊരു ബ്ലോക്ക് രൂപീകരിക്കുന്നുണ്ട്. രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ശക്തിചേരികൾ കൂടുതൽ വികസിക്കുമെന്നും ശക്തമാകുമെന്നും വ്യക്തമാണ്. ഇസ്‌ലാമിക ലോകം യുദ്ധങ്ങളുടെ ഒരു കളിസ്ഥലമായി തുടരും; കാരണം ഈ വൻശക്തികൾ നിയന്ത്രിക്കാൻ ആഗ്രഹിക്കുന്ന പ്രകൃതിവിഭവങ്ങൾ അവിടെയാണുള്ളത്. മുസ്‌ലിംകൾ ഇതൊന്ന് തിരിച്ചറിയുകയും വിവേകത്തോടെ പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ!

ഇപ്പോൾ അമേരിക്കയും അവരുടെ സഖ്യകക്ഷികളും അവകാശപ്പെടുന്നത്, ഇറാന്റെ ലക്ഷ്യങ്ങൾ കാരണമാണ് തങ്ങൾ അവരെ ആക്രമിച്ചത് എന്നാണ്. ആ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ അനുവദിച്ചാൽ ഒരുപക്ഷേ ഇറാൻ ആറ്റംബോംബ് വികസിപ്പിക്കുന്നത് പോലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുമായിരുന്നു എന്നാണ് അവരുടെ വാദം. ചുരുക്കത്തിൽ, **ഒരു സാങ്കൽപ്പിക സാഹചര്യം മുൻനിർത്തിക്കൊണ്ട്, അതായത് ഇന്ന കാര്യം സംഭവിച്ചാൽ ഇന്നതൊക്കെ ഉണ്ടായേക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ അവർ ഒരു യുദ്ധത്തിന് തുടക്കമിട്ടു. ഇത് വ്യക്തമായും ഒരു കടന്നാക്രമണമാണ്.**

ഇറാനെ നശിപ്പിക്കുകയോ ഇറാനെതിരെ യുദ്ധം ചെയ്യുകയോ ചെയ്യുന്നത് തങ്ങൾ വിചാരിച്ചത്ര എളുപ്പമല്ലെന്ന് പാശ്ചാത്യ വിശകലന വിദഗ്ധർ പോലും ഇപ്പോൾ അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇറാൻ അത്യാവശ്യം കരുത്തുള്ള വലിയൊരു രാജ്യമാണ്; ഈ യുദ്ധം ദീർഘകാലം നീണ്ടുനിന്നേക്കാം. ഇതിന്റെ ആഘാതം ആഗോള സമ്പദ്‌വ്യവസ്ഥയിൽ പ്രകടമാകുമെങ്കിലും മുസ്‌ലിം ലോകത്തിന് മേലുള്ള ഇതിന്റെ പ്രത്യാഘാതം അതിനേക്കാൾ വളരെ വലുതായിരിക്കും. ഇതിലെല്ലാമുപരി **ഏറ്റവും ദു:ഖകരമായ വശം**

**• ഹദീഥുന്നബ്‌വി ﷺ •**

“തഅല്ലമുൽയഖീന.”

ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**മുസ്‌ലിംകൾ തന്നെ മുസ്‌ലിംകളുടെ രക്തം ചിന്തുന്നു എന്നതാണ്. അതിനാൽ മുസ്‌ലിംകൾ അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടണം.**

നൂറുകണക്കിന് കുട്ടികൾ കൊല്ലപ്പെട്ടു, നൂറുകണക്കിന് നിരപരാധികൾക്ക് ജീവൻ നഷ്ടപ്പെട്ടു. ഇസ്രായേലിലോ അമേരിക്കയിലോ ഏതെങ്കിലും പാശ്ചാത്യ രാജ്യത്തോ ഒരു ആക്രമണം നടക്കുകയും അതിൽ ഏതാനും കുട്ടികൾ കൊല്ലപ്പെടുകയും ചെയ്താൽ പത്രങ്ങൾ ദിവസങ്ങളോളം അതിനെക്കുറിച്ച് കോളങ്ങൾ എഴുതി നിറയ്ക്കാറുണ്ടെന്ന് പാശ്ചാത്യ നിരീക്ഷകർ തന്നെ ഇപ്പോൾ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഇവിടെ ഒരു വിദ്യാലയം ബോംബിട്ട് തകർക്കപ്പെടുകയും നൂറുകണക്കിന് കുട്ടികൾ കൊല്ലപ്പെടുകയും ചെയ്യുമ്പോൾ ആരും അതിനെക്കുറിച്ച് സംസാരിക്കുന്നില്ല. ആദ്യം അവർ ഫലസ്തീനെ ഈ ദുരവസ്ഥയിലാക്കി, ഇപ്പോൾ ഇറാനിലും അത് തന്നെ സംഭവിക്കുന്നു. അവരുടെ കാഴ്ചപ്പാടിൽ ഒരു മുസ്‌ലിമിന്റെ ജീവന് യാതൊരു വിലയുമില്ലെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

അല്ലാഹു മുസ്‌ലിംകൾക്ക് വിവേകം നൽകട്ടെ; അങ്ങനെ അവർ കാര്യങ്ങൾ ഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കാനും തങ്ങളുടെ തർക്കങ്ങൾ ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയും പരിഹരിക്കാൻ പരിശ്രമിക്കുകയും ചെയ്യട്ടെ. അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുമ്പോൾ, ആ ഏകത്വം സ്ഥാപിക്കുന്നതിനായി അവർ ഒന്നിക്കണം. അടിസ്ഥാനരഹിതമായ ആരോപണങ്ങളിലൂടെ കലഹങ്ങൾ സൃഷ്ടിക്കേണ്ടതില്ല, അല്ലെങ്കിൽ ഒരു പ്രത്യേക വിഭാഗത്തിന്റെ വിശ്വാസം കാരണമാണ് തർക്കങ്ങൾ ഉണ്ടാകുന്നത് എന്ന് വാദിക്കേണ്ടതില്ല. മുസ്‌ലിംകൾക്കിടയിൽ വിശ്വാസപരമായ വ്യത്യാസങ്ങളുണ്ട്, അത് ചിലപ്പോൾ തർക്കങ്ങളിലേക്ക് നയിച്ചേക്കാം. എന്നിരുന്നാലും, ഇത്തരം കാര്യങ്ങളിൽ തിരുനബി(സ) അങ്ങേയറ്റം ജാഗ്രതയും അനുകമ്പയും കാണിച്ചിരുന്നു. ഒരിക്കൽ ചില സ്വഹാബികൾ ഒരാളെ കപടവിശ്വാസി (മുനാഫിഖ്) എന്ന് വിശേഷിപ്പിച്ചു. എന്നാൽ അയാൾ 'لَا اِلٰهَ اِلَّا اللّٰهُ' (അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനില്ല) എന്ന് പ്രഖ്യാപിക്കുന്നിടത്തോളം കാലം താൻ അയാൾക്കെതിരെ ഒന്നും പറയില്ലെന്നും, അയാളെ കപടവിശ്വാസി എന്ന് വിളിക്കുന്നത് അവരും നിർത്തണമെന്നും തിരുനബി(സ) മറുപടി നൽകി. *(സ്വഹീഹ് ബുഖാരി, കിത്താബു സ്സ്വലാത്ത്, ഹദീസ് 425)*

അതുകൊണ്ട് നിസ്സാര കാര്യങ്ങളിൽ തർക്കങ്ങൾ ഉണ്ടാക്കുന്നത് ആത്യന്തികമായി തങ്ങൾക്ക് തന്നെയാണ് ദോഷം ചെയ്യുക. അല്ലാഹു മുസ്‌ലിം ലോകത്തിന് ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുക്കട്ടെ. ഇപ്പോഴെങ്കിലും അവർ വിവേകത്തോടെ പ്രവർത്തിക്കണം.

**വെറും വിശ്വാസപരമായ വ്യത്യാസങ്ങളുടെ പേരിൽ ഇറാനെതിരെ തിരിയരുത്. തൗഹീദ് (അല്ലാഹുവിന്റെ ഏകത്വം) സ്ഥാപിക്കുന്നതിനാണ് ഇസ്‌ലാം വന്നത്, അതിനാൽ ആ ലക്ഷ്യത്തിലേക്ക് പരിശ്രമങ്ങൾ തിരിച്ചുവിടണം. ലോകത്തിലെ വൻശക്തികളെ അവർ തങ്ങളുടെ ദൈവങ്ങളായി കാണരുത്; കാരണം എന്നെന്നും നിലനിൽക്കുന്ന ഒരേയൊരു ശക്തി സർവ്വശക്തനായ അല്ലാഹുവിന്റെ ശക്തി മാത്രമാണ്. ഈ വൻശക്തികളെ പരമോന്നതമായി കണക്കാക്കിയാൽ, അവർ ഓരോ രാജ്യത്തെയായി ക്രമേണ മുഴുവൻ ഇസ്‌ലാമിക ലോകത്തെയും തങ്ങളുടെ നിയന്ത്രണത്തിലാക്കും, അപ്പോൾ അവരുടെ ബാഹ്യമായ അധികാരവും ഭരണവും പോലും ഒടുവിൽ ഇല്ലാതാകും.**

ഇപ്പോഴും സമയമുണ്ട്. വിവേകത്തോടെ പ്രവർത്തിക്കാനും സർവ്വശക്തനായ അല്ലാഹുവിലേക്ക് തിരിയേണ്ടതും അത്യാവശ്യമാണ്. ഈ ഭൗതിക ശക്തികൾ ലോകത്തിന്റെ പ്രത്യേകിച്ച് മുസ്‌ലിം ലോകത്തിന്റെ സമാധാനവും ശാന്തിയും നശിപ്പിച്ചു കഴിഞ്ഞു, ഭാവിയിലും അവർ അത് തുടർന്നുകൊണ്ടേയിരിക്കും.

മുസ്‌ലിംകൾക്ക് മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ട് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

وَاِنْ طَآئِفَتٰنِ مِنَ الْمُؤْمِنِيْنَ اقْتَتَلُوْا فَاَصْلِحُوْا بَيْنَهُمَا فَاِنْۢ بَغَتْ اِحْدٰىهُمَا عَلَى الْاُخْرٰى فَقَاتِلُوا الَّتِيْ تَبْغِيْ حَتّٰى تَفِيْٓءَ اِلٰٓى اَمْرِ اللّٰهِ فَاِنْ فَآءَتْ فَاَصْلِحُوْا بَيْنَهُمَا بِالْعَدْلِ وَاَقْسِطُوْا اِنَّ اللّٰهَ يُحِبُّ الْمُقْسِطِيْنَ

'സത്യവിശ്വാസികളിൽ പെട്ട രണ്ട് വിഭാഗങ്ങൾ പരസ്പരം പോരാടുകയാണെങ്കിൽ അവർക്കിടയിൽ നിങ്ങൾ സന്ധിയുണ്ടാക്കുക. പിന്നീട് അതിനുശേഷം അവരിലൊന്ന് മറ്റൊന്നിനെതിരെ അതിക്രമം കാണിക്കുകയാണെങ്കിൽ, അതിക്രമം കാണിക്കുന്ന വിഭാഗം അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങിവരുന്നത് വരെ അവരോട് നിങ്ങൾ പോരാടുക. അങ്ങനെ അവർ മടങ്ങിവരികയാണെങ്കിൽ നീതിയോടെ അവർക്കിടയിൽ സന്ധിയുണ്ടാക്കുക; നിങ്ങൾ നിഷ്പക്ഷത പാലിക്കുകയും ചെയ്യുക. തീർച്ചയായും നിഷ്പക്ഷമതികളെ അല്ലാഹു ഇഷ്ടപ്പെടുന്നു.' *(വിശുദ്ധ ഖുർആൻ, സൂറത്തുൽ ഹുജുറാത്ത്, 49:10)*

**ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുള്ള ഒരു അടിസ്ഥാന രൂപരേഖയാണ് ഈ തത്വം നൽകുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിലൂടെ ഇത്ര വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതിനാൽ, മുസ്‌ലിം ലോകം ഇത് കർശനമായി പാലിക്കേണ്ടതുണ്ട്.**

അതുകൊണ്ട്, നീതിയുടെയും നിഷ്പക്ഷതയുടെയും നിബന്ധനകൾ നിറവേറ്റപ്പെടണം; ഇസ്‌ലാമിക രാജ്യങ്ങളിലെ സർക്കാരുകളും ഇക്കാര്യത്തിൽ തങ്ങളുടെ പങ്ക് വഹിക്കണം. അനുരഞ്ജനത്തിന് ശ്രമിക്കുമ്പോൾ വ്യക്തിപരമായ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകരുത്; മറിച്ച് പ്രശ്നത്തിന്റെ യഥാർത്ഥ കാരണങ്ങളെ അടിസ്ഥാനമാക്കി വേണം വിധി കൽപ്പിക്കാൻ എന്നതും വ്യക്തമായിരിക്കണം.

ആ കാരണങ്ങൾ ഇപ്പോൾ പ്രകടമാണ്: ദജ്ജാലിയൻ ശക്തികൾ മുസ്‌ലിംകളെ തമ്മിലടിപ്പിക്കാൻ ശ്രമിക്കുകയാണ്. ഐക്യരാഷ്ട്രസഭയെപ്പോലുള്ള സ്ഥാപനങ്ങൾക്ക് യാതൊരുവിധ പോസിറ്റീവായ പങ്കും വഹിക്കാൻ കഴിഞ്ഞിട്ടില്ല, ചിലർ അവരെ പരസ്യമായി വിമർശിക്കാനും തുടങ്ങിയിട്ടുണ്ട്. വ്യക്തിപരവും ദേശീയവുമായ താൽപ്പര്യങ്ങൾക്ക് മുകളിൽ ചിന്തിച്ചാൽ മാത്രമേ നമുക്ക് സ്വയം സംരക്ഷിക്കാൻ കഴിയൂ. അല്ലാത്തപക്ഷം നമ്മൾ ഈ **ദജ്ജാലിയൻ** ശക്തികളുടെ പിടിയിൽ അകപ്പെടും. അതിനാൽ, എല്ലാ മുസ്‌ലിം രാജ്യങ്ങളും ഒന്നിച്ച് വന്ന് കൂട്ടായി ആലോചനകൾ നടത്തണം.

അതുപോലെ അല്ലാഹു വീണ്ടും അരുൾ ചെയ്യുന്നു:

اِنَّمَا الْمُؤْمِنُوْنَ اِخْوَةٌ فَاَصْلِحُوْا بَيْنَ اَخَوَيْكُمْ وَاتَّقُوا اللّٰهَ لَعَلَّكُمْ تُرْحَمُوْنَ

'തീർച്ചയായും സത്യവിശ്വാസികൾ സഹോദരങ്ങളാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരങ്ങൾക്കിടയിൽ നിങ്ങൾ സന്ധിയുണ്ടാക്കുക. നിങ്ങൾക്ക് കാരുണ്യം ലഭിക്കുന്നതിനായി നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക.' *(വിശുദ്ധ ഖുർആൻ, സൂറത്തുൽ ഹുജുറാത്ത്, 49:11)*

**ഇറാനും ചില അറബ് അല്ലെങ്കിൽ മുസ്‌ലിം രാജ്യങ്ങളും തമ്മിലുണ്ടെന്ന് പറയപ്പെടുന്നതുപോലെ മുസ്‌ലിംകൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ പോലും, അവരുടെ അടിസ്ഥാനപരമായ ബന്ധം ഇസ്‌ലാമിക സാഹോദര്യത്തിന്റേതാണെന്ന് അവർ ഓർക്കണം. ചെറിയ തർക്കങ്ങൾ ഇസ്‌ലാമിക സാഹോദര്യത്തിന്റെ ഈ ബന്ധം തകർക്കുന്നതിന് കാരണമാകരുത്. മുസ്‌ലിം രാജ്യങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അല്ലാത്തപക്ഷം, ഞാൻ പറഞ്ഞതുപോലെ ഇസ്‌ലാം വിരുദ്ധ ശക്തികൾ ഈ സാഹചര്യം മുതലെടുക്കുക തന്നെ ചെയ്യും.**

അതിനാൽ അറബ് രാജ്യങ്ങളും അതുപോലെതന്നെ ഇറാൻ സർക്കാരും സമാധാനപരമായ പരിഹാരത്തിനായി ശ്രമിക്കണം. അനുരഞ്ജനത്തിന് വഴിയൊരുക്കുന്നതിനായി പാകിസ്താൻ ഉൾപ്പെടെയുള്ള ചില രാജ്യങ്ങളും ചൈനയും തങ്ങളുടെ പങ്ക് വഹിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. മുസ്‌ലിം ലോകം ഇത് മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായേനെ. അല്ലാഹു അവർക്ക് വിവേകം നൽകട്ടെ.

**ഏതായാലും, മുസ്‌ലിം ലോകത്തിന് വേണ്ടിയും പ്രത്യേകിച്ച് നിരപരാധികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുക എന്നത് നമ്മുടെ കടമയാണ്. റമദാൻ മാസത്തിൽ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി മാത്രം പ്രാർത്ഥിക്കാതെ മുസ്‌ലിം ഉമ്മത്തിന് വേണ്ടിയും പ്രാർത്ഥിക്കേണ്ടതുണ്ട്.**

ലോകത്ത്, പ്രത്യേകിച്ച് മുസ്‌ലിം ലോകത്ത് സമാധാനം സ്ഥാപിക്കപ്പെടാനും മുസ്‌ലിംകൾ പരസ്പരം രക്തം ചിന്താതിരിക്കാനും അല്ലാഹു അവർക്ക് വിവേകം നൽകട്ടെ. പരസ്പരം പോരാടുകയും അന്യായമായി കൊലപ്പെടുത്തുകയും ചെയ്യുന്നവർ തങ്ങളുടെ പ്രവൃത്തികളിലൂടെ അല്ലാഹുവിന്റെ അപ്രീതിക്ക് പാത്രമാവുകയാണ്. അങ്ങനെയുള്ളവർക്ക് ഈ ലോകത്ത് മാത്രമല്ല പരലോകത്തും നഷ്ടം സംഭവിക്കും. അതിനാൽ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്, ഇതിനായി നമ്മൾ പ്രത്യേകം പ്രാർത്ഥിക്കുകയും വേണം.

സത്യസന്ധമായും ആത്മാർത്ഥമായും പ്രാർത്ഥിക്കാൻ അല്ലാഹു നമുക്കും തൗഫീഖ് നൽകട്ടെ. ആമീൻ.

ഇന്ന് ഞാൻ ചില ജനാസ ഗാഇബ് നമസ്കാരങ്ങളും നിർവഹിക്കുന്നതാണ്. അവരെക്കുറിച്ചുള്ള ചില വിവരങ്ങൾ കേൾപ്പിക്കാം.

ആദ്യത്തേത്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഇളയ മകളും പരേതനായ നാസിർ മുഹമ്മദ് സിയാൽ സാഹിബിന്റെ പത്നിയുമായ **സാഹിബ്സാദി അമതുൽ ജമീൽ സാഹിബ**യെക്കുറിച്ചാണ്. ലണ്ടനിൽ മിഷണറിയായി സേവനമനുഷ്ഠിച്ചിട്ടുള്ള ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബ്(റ)ന്റെ മരുമകൾ കൂടിയായിരുന്നു അവർ. ഏകദേശം 89ാം വയസ്സിൽ അടുത്തിടെയാണ് അവർ വഫാത്തായത്.

اِنَّا لِلّٰهِ وَاِنَّاۤ اِلَيْهِ رٰجِعُوْنَ

പരേത മൂസിയയായിരുന്നു. അവർ ഹദ്റത്ത് സയ്യിദ മറിയം ബീഗം സാഹിബ(റ) (ഉമ്മു താഹിർ)യുടെ ഏറ്റവും ഇളയ മകളും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ മക്കളിൽ ഏറ്റവും ഇളയ ആളുമായിരുന്നു. 1955ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് തന്നെയാണ് അവരുടെ നിക്കാഹ് വിളംബരം നടത്തിയത്. ആ സമയത്ത് രോഗബാധിതനായിരുന്നതിനാൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ കിടക്കയിൽ കിടന്നുകൊണ്ടാണ് നിക്കാഹ് ഖുതുബ നിർവഹിച്ചതും ദു:ആ ചെയ്തതും. കുടുംബത്തിലെ ഏതാനും അംഗങ്ങൾ മാത്രമാണ് ആ സമയത്ത് സന്നിഹിതരായിരുന്നത്. ഈ സംഭവം വിവരിക്കുന്ന വ്യക്തി എഴുതിയിരിക്കുന്നത്, ആ സന്ദർഭത്തിലുടനീളം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന് ഒരു പ്രത്യേക അവസ്ഥ പ്രകടമായിരുന്നു എന്നാണ്. പിന്നീട് 1956ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെ മുൻകൈ എടുത്ത് അവരുടെ വിവാഹം നടത്തുകയും ദു:ആകളോടെ യാത്രയാക്കുകയും ചെയ്തു.

നാല് മക്കളാണ് അവർക്കുള്ളത്. അവരുടെ ആദ്യത്തെ മകൻ സാഇർ മുസ്തഫയെ കുട്ടിക്കാലത്ത് തന്നെ അവരുടെ സഹോദരി സാഹിബ്സാദി അമതുൽ ഖയ്യൂം സാഹിബയ്ക്ക് നൽകിയിരുന്നു, അവരാണ് അവനെ വളർത്തിയത്. ഒരു മകൾ യാസ്മിൻ മാലിക് കാനഡയിൽ താമസിക്കുന്നു. മറ്റൊരു മകൾ സാദിയ അഹ്മദ് ഇവിടെ യുകെയിലാണ്. സോഫിയ അഹ്മദ് റബ്വയിൽ താമസിക്കുന്നു; അവർ നാളിർ ഖിദ്മത്തെ ദർവീശാനായി സേവനമനുഷ്ഠിക്കുന്ന മിർസാ സമദ് അഹ്മദിന്റെ പത്നിയാണ്.

അവരുടെ ഭർത്താവ് നാസിർ മുഹമ്മദ് സിയാൽ സാഹിബ് ഒരു വഖ്ഫെ സിന്ദഗിയായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഫദ്‌ലെ ഉമർ റിസർച്ച് പ്രോജക്റ്റ് ആരംഭിച്ചപ്പോൾ ഗവേഷണ പ്രവർത്തനങ്ങൾക്കായി അദ്ദേഹത്തെ നിയമിച്ചു. പിന്നീട് ആ പ്രോജക്റ്റ് നിർത്തിയപ്പോൾ മറ്റ് ജോലികൾ ചെയ്യാൻ ജമാഅത്ത് അദ്ദേഹത്തിന് അനുവാദം നൽകി.

പാവപ്പെട്ടവരോട് അവർക്ക് വലിയ പരിഗണന ഉണ്ടായിരുന്നു എന്ന് മകൾ സോഫിയ എഴുതുന്നു. അവർ ബുദ്ധിമുട്ടനുഭവിക്കുന്നവരെ പരിചരിക്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്തിരുന്നു എന്ന് മറ്റുള്ളവരും എനിക്ക് എഴുതിയിട്ടുണ്ട്. അവരുടെ കുട്ടിക്കാലത്ത് അവരും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നുമായി ബന്ധപ്പെട്ട ചില സംഭവങ്ങളും, അവരെക്കുറിച്ച് അദ്ദേഹം കണ്ട ചില സ്വപ്നങ്ങളുമുണ്ട്. ഇത്തരത്തിൽ അവരുടെ ജീവിതവിവരണം വഴി ആദ്യകാല ചരിത്രത്തിലെ ചില വശങ്ങളും വെളിപ്പെടുന്നുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എത്രത്തോളം തത്വദീക്ഷയുള്ള ആളായിരുന്നുവെന്നും ജമാഅത്തിന് വേണ്ടി സേവനം ചെയ്യുന്നവരോട് അദ്ദേഹം എത്രത്തോളം ബഹുമാനം വെച്ചുപുലർത്തിയിരുന്നുവെന്നും വ്യക്തമാക്കുന്ന തന്റെ വീട്ടിലെ ഒരു സംഭവം അവർ വിവരിക്കുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ചെരുപ്പുകൾ പോളിഷ് ചെയ്യുന്നതിനായി പുറത്തു വെക്കാറുണ്ടായിരുന്നു. ഒരിക്കൽ അമതുൽ ജമീൽ സാഹിബയും തന്റെ ചെരുപ്പുകൾ അവിടെ കൊണ്ടുപോയി വെച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ ചെരുപ്പുകൾ എടുത്ത് അകത്തേക്ക് കൊണ്ടുവന്നു, 'ഇതാരുടെ ചെരുപ്പുകളാണ്?' എന്ന് ചോദിച്ചു. അദ്ദേഹം അല്പം ദേഷ്യത്തിലായിരുന്നു, അതിനാൽ ആരും മറുപടി പറഞ്ഞില്ല. ഒടുവിൽ അദ്ദേഹം പറഞ്ഞു, 'ശരി, ഇത് ആരുടേതാണെന്ന് പറയൂ; ഞാൻ ഒന്നും പറയില്ല.' അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ടവളായിരുന്നു എങ്കിലും ആ ചെരുപ്പുകൾ തന്റേതാണെ ന്ന് അവർ സമ്മതിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഇനി മുതൽ നിനക്ക് സ്വന്തം ചെരുപ്പ് പോളിഷ് ചെയ്യാൻ കഴിയില്ലെങ്കിൽ അത് എനിക്ക് തരൂ, ഞാൻ ചെയ്തുതരാം. അല്ലാതെ ജമാഅത്തിന്റെ പ്രവർത്തകനെക്കൊണ്ട് അത് ചെയ്യിക്കരുത്.'

അവർ അങ്ങേയറ്റം ദാനശീലയായിരുന്നു, പാവപ്പെട്ടവരെ വളരെയധികം പരിഗണിച്ചിരുന്നു. അവരുടെ കണക്കുപുസ്തകങ്ങൾക്കിടയിൽ നിന്ന് ഉമ്മയുടെ ചില രജിസ്റ്ററുകൾ ലഭിച്ചപ്പോൾ, പാവപ്പെട്ടവരെ സഹായിക്കുന്നതിനായി പതിവായി ചിലവഴിച്ചിരുന്ന തുകകളെക്കുറിച്ചുള്ള നിരവധി രേഖകൾ അതിൽ കണ്ടതായി മകൾ പറയുന്നു.

അവർക്ക് ഏഴ് വയസ്സുള്ളപ്പോഴാണ് മാതാവ് ഹദ്റത്ത് മറിയം സാഹിബ (ഉമ്മു താഹിർ സാഹിബ) വഫാത്തായത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം എഴുതുന്നു:

ഞങ്ങൾ ജനാസ ശൈഖ് ബശീർ അഹ്മദ് സാഹിബിന്റെ വീട്ടിലേക്ക് കൊണ്ടുവന്നപ്പോൾ, എന്റെ ഇളയ മകൾ ഏഴ് വയസ്സുകാരി അമതുൽ ജമീൽ (മറിയമിനും എനിക്കും അവൾ ഏറെ പ്രിയപ്പെട്ടവളായിരുന്നു), **'ഹായ് ഉമ്മീ, ഹായ് ഉമ്മീ'** എന്ന് വിളിച്ച് ഉറക്കെ കരയാൻ തുടങ്ങി.

ഞാൻ അവളുടെ അടുത്തുചെന്ന് പറഞ്ഞു: **'ജിമ്മി (അവരെ സ്നേഹത്തോടെ വിളിച്ചിരുന്നത്), നിന്റെ ഉമ്മ അല്ലാഹുവിന്റെ അടുത്തേക്ക് പോയിരിക്കുകയാണ്. അവിടെ അവർ കൂടുതൽ സുഖമായിരിക്കും. അവർ അല്ലാഹുവിലേക്ക് മടങ്ങണമെന്നത് അവന്റെ ഇഷ്ടമായിരുന്നു. നോക്കൂ, തിരുനബി(സ) വഫാത്തായി. നിന്റെ വല്യുപ്പ (ഹദ്റത്ത് മസീഹ് മൗഊദ്(അ)) വഫാത്തായി. നിന്റെ ഉമ്മ അവരേക്കാൾ വലിയ ആളാണോ?'**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടരുന്നു: 'അല്ലാഹുവിന്റെ സംരക്ഷണം ഒരു നിമിഷം പോലും ഈ കുട്ടിയിൽ നിന്ന് നീങ്ങിപ്പോകാതിരിക്കട്ടെ. കാരണം, ഞാൻ ഈ വാക്കുകൾ പറഞ്ഞ നിമിഷം മുതൽ അവൾ പിന്നീട് തന്റെ ഉമ്മയെ ഓർത്ത് കരഞ്ഞില്ല. അത് കേട്ട ഉടൻ അവൾ നിശബ്ദയായി. പിറ്റേന്ന് ജനാസ കൊണ്ടുപോകുമ്പോൾ തന്റെ മൂത്ത സഹോദരി സങ്കടം സഹിക്കാനാവാതെ ഉറക്കെ കരഞ്ഞ് ബോധരഹിതയായി വീണപ്പോൾ, **എന്റെ ജിമ്മി എന്റെ ഇളയ പത്നി മറിയം സിദ്ദീഖയുടെ അടുത്ത് ചെന്ന് പറഞ്ഞു: 'ചോട്ടി ആപ്പാ (കുട്ടികൾ ഹദ്റത്ത് മറിയം സിദ്ദീഖ സാഹിബയെ ചോട്ടി ആപ്പാ എന്നാണ് വിളിച്ചിരുന്നത്), എന്റെ സഹോദരി എത്ര മണ്ടിയാണ്. ഉമ്മ മരിച്ചത് അല്ലാഹുവിന്റെ തീരുമാനമാണെന്ന് ഉപ്പ പറയുന്നുണ്ടല്ലോ, എന്നിട്ടും അവൾ കരയുകയാണല്ലോ.'**

അനന്തരം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം പ്രാർത്ഥിച്ചു: എന്റെ നാഥാ! നിന്റെ പ്രീതിക്ക് വേണ്ടി മാത്രം ഉമ്മയുടെ വേർപാടിൽ ഈ കുട്ടി ദുഃഖം പ്രകടിപ്പിക്കുന്നില്ല. നാഥാ! നീ അവളെ പരലോകത്തെ എല്ലാ വേദനകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും നീ സംരക്ഷിക്കില്ലേ?'

തുടർന്ന് അദ്ദേഹം ഹദ്റത്ത് മറിയം, ഉമ്മു താഹിർ സാഹിബ(റ)ക്ക് വേണ്ടി പ്രാർത്ഥിച്ചു: 'എന്റെ കരുണാമയനായ നാഥാ! നിന്റെ ദാസന്മാർക്ക് നിന്നിൽ നിന്ന് ഇത്തരമൊരു പ്രതീക്ഷ വെച്ചുപുലർത്താൻ അവകാശമുള്ളതുപോലെ ഞാൻ പ്രതീക്ഷിക്കുന്നു, ആ ആഗ്രഹം നിറവേറ്റുക എന്നത് നിന്റെ പ്രതാപത്തിനു അനുഗുണവുമാണ്. *(അവ: മേരി മറിയം, അൻവാറുൽ ഉലൂം, വോള്യം 17, പേജ് 365–366)*

സാമ്പത്തിക ചന്ദകൾ നൽകുന്നതിൽ അവർ കൃത്യനിഷ്ഠ പുലർത്തിയിരുന്നു, തന്റെ ഹിസ്സയെ ജാഇദാദ് (Hissah Jaidad) നേരത്തെ തന്നെ അവർ തീർപ്പാക്കിയിരുന്നു. അയൽപക്കത്ത് ആരെങ്കിലും മരണപ്പെട്ടാൽ ആ വീട്ടിലേക്ക് പതിവായി ഭക്ഷണം എത്തിക്കുമായിരുന്നു. തന്നെ സന്ദർശിക്കുന്നവരോടും പലതവണ എന്നോടും **തന്റെ അന്ത്യം ശുഭകരമാകാൻ പ്രാർത്ഥിക്കണം** എന്ന് അവർ പറയുമായിരുന്നു.

അവരുടെ കൊച്ചുമകൾ നുസ്രത്ത് പറയുന്നു, തന്റെ വല്യുമ്മ നമസ്കാര സമയത്തിന് വളരെ മുമ്പ് തന്നെ തയ്യാറെടുക്കുകയും അങ്ങേയറ്റത്തെ ആകാംക്ഷയോടെ അതിനായി കാത്തിരിക്കുകയും ചെയ്യുമായിരുന്നു എന്നാണ്. ദീർഘനേരം അവർ പ്രാർത്ഥിക്കുമായിരുന്നു. ആർക്കൊക്കെ വേണ്ടിയാണോ പ്രാർത്ഥിക്കേണ്ടത് എന്നതിനെക്കുറിച്ച് ഒരു ലിസ്റ്റ് തന്നെ അവർ തയ്യാറാക്കിയിരുന്നു. തന്റെ വല്യുമ്മയുടെ ദീർഘവും ഹൃദയസ്പർശിയുമായ പ്രാർത്ഥനകൾ കേൾക്കുമ്പോൾ കൊച്ചു കുട്ടിയായിരുന്ന തനിക്ക് അന്ന് പരിഭ്രമം തോന്നുമായിരുന്നുവെന്ന് നുസ്രത്ത് ഓർക്കുന്നു. എങ്കിലും ആ വ്യക്തികൾക്കെല്ലാം വേണ്ടി അവർ ദു:ആ തുടർന്നുകൊണ്ടേയിരുന്നു.

ഹാദി അലി സാഹിബ് എഴുതിയിരിക്കുന്നു: അവരുമായി ബന്ധപ്പെട്ട് പഴയകാലത്തെ നിരവധി ഓർമ്മകളും സംഭവങ്ങളും ഉണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കണ്ട ചില ദർശനങ്ങളുമുണ്ട്. അദ്ദേഹം പറയുന്നു: ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)നോടൊപ്പം താൻ കാറിൽ യാത്ര ചെയ്യുകയായിരുന്നുവെന്നും പിൻസീറ്റിൽ അദ്ദേഹത്തിന് അരികിലായിരുന്നു താൻ ഇരുന്നിരുന്നതെന്നും അവർ എന്നോട് പറഞ്ഞു. യാത്രയ്ക്കിടയിൽ അദ്ദേഹം തന്റെ വിരലുകൾ കൊണ്ട് എന്തോ എണ്ണുന്നത് അവർ ശ്രദ്ധിച്ചു. അപ്പോൾ അവർ ചോദിച്ചു: ഉപ്പാ, നിങ്ങൾ എന്താണ് എണ്ണുന്നത്?

അദ്ദേഹം മറുപടി നൽകി: ഭലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും ആവശ്യമായ മിഷണറിമാരുടെ എണ്ണം ഞാൻ കണക്കാക്കുകയാണ്. ലോകമെമ്പാടുമായി എനിക്ക് കുറഞ്ഞത് ലക്ഷക്കണക്കിന് മിഷണറിമാരെയെങ്കിലും ആവശ്യമായി വരും, എങ്കിൽ മാത്രമേ ഇസ്‌ലാമിന്റെ സത്യസന്ദേശം ലോകമെമ്പാടും എത്തിക്കാൻ നമുക്ക് സാധിക്കൂ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് ഉണ്ടായിരുന്ന തീക്ഷ്ണമായ അഭിലാഷത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. അവരുമായി ബന്ധപ്പെട്ട ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കണ്ട ഒരു ദർശനത്തെക്കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിക്കാം.

1948 ജൂണിലായിരുന്നു ഈ ദർശനം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം പ്രസ്താവിച്ചു: ജൂണിൽ ഞാൻ സിന്ധിലെ നസീറാബാദിലായിരുന്നു. അവിടെ ഖാദിയാനിലെ മിനാരത്തിന് സമാനമായ വളരെ ഉയരമുള്ള ഒരു വെളുത്ത മിനാരം ഞാൻ കണ്ടു. അതിന്റെ താഴത്തെ നിലയിലുള്ള ബാൽക്കണിയിൽ, കവാടത്തിന് സമീപം എന്റെ മകൾ അമതുൽ ജമീൽ ശാന്തയായി ഇരിക്കുന്നു, അവളുടെ കാലുകൾ താഴേക്ക് തൂക്കിയിട്ടിരുന്നു.

പെട്ടെന്ന് എന്റെ ദൃഷ്ടി ആ മിനാരത്തിൽ പതിഞ്ഞു. ഏറ്റവും മുകളിലത്തെ നിലയിലുള്ള കവാടത്തിൽ നിന്ന് വളരെ വലിയൊരു പാമ്പ് പുറത്തുവരുന്നത് ഞാൻ കണ്ടു. അതിന് ഏതാനും അടി നീളവും ഏകദേശം ഒന്നര അടി വണ്ണവുമുണ്ടായിരുന്നു, പച്ച നിറമായിരുന്നു അതിന്. അത് തല നീട്ടിക്കൊണ്ട് താഴത്തെ നിലയിലേക്ക് ലക്ഷ്യം വെച്ച് ഓരോ പടിയായി ഇറങ്ങാൻ തുടങ്ങി.

ഇതൊരു ദീർഘമായ വിവരണമാണ്, അതിനാൽ ചുരുക്കത്തിൽ പറഞ്ഞാൽ, ആ പാമ്പ് താഴത്തെ നിലയ്ക്ക് തൊട്ടുമുകളിലുള്ള നില വരെ ഇറങ്ങിവരികയും തുടർന്ന് താഴത്തെ നിലയുടെ മേൽക്കൂരയുടെ ഭാഗത്തേക്ക് തിരിയുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ആ നിമിഷം, അമതുൽ ജമീൽ ആ കവാടത്തിന് സമീപമാണ് ഇരിക്കുന്നത് എന്ന ചിന്ത എന്റെ മനസ്സിലുദിച്ചു. പാമ്പ് തിരിഞ്ഞ് അവളെ കൊത്തിയേക്കുമെന്ന് ഞാൻ ഭയപ്പെട്ടു. അതേസമയം, അവൾ പെട്ടെന്ന് മാറിയാൽ താഴെ വീണ് പരിക്കേറ്റേക്കുമെന്നും ഞാൻ പേടിച്ചു. അതിനാൽ ഞാൻ സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പാകെ അത്യധികം വിനയത്തോടെ പ്രാർത്ഥിക്കാൻ തുടങ്ങി.

അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചത് എനിക്ക് ഓർമയുണ്ട്:

اَللّٰهُمَّ اَعِذْهَالِيْ وَلِلْجَمَاعَةِ الْاَحْمَدِيَّةِ
وَلِغُرَبَائِهَا

എന്റെ അല്ലാഹുവേ, എനിക്കു വേണ്ടിയും അഹ്മദിയ്യാ ജമാഅത്തിനെയും അതിലെ പാവപ്പെട്ടവരെയും പരിഗണിച്ചു കൊണ്ടും അവൾക്ക് നീ അന്തസ്സും സംരക്ഷണവും നൽകേണമേ.

അറബിയിൽ **ഗുറബാ** എന്ന വാക്കിന് **യാത്രക്കാർ** എന്നാണ് അർത്ഥമെന്നും ഉർദുവിലാകട്ടെ **പാവപ്പെട്ടവർ, അഗതികൾ** എന്നുമാണെന്നും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു. ഇതിൽ ഏത് അർത്ഥമാണ് ഉദ്ദേശിച്ചതെന്നോ അല്ലെങ്കിൽ അത് യാത്രക്കാരെക്കൂടി സൂചിപ്പിക്കുന്ന

താണോ എന്നോ അല്ലാഹുവിനാണ് ഏറ്റവും നന്നായി അറിയാവുന്നത്.

അദ്ദേഹം തുടരുന്നു: ഞാൻ പ്രാർത്ഥന തുടർന്നുകൊണ്ടിരിക്കെ, അമതുൽ ജമീൽ ആ അപകടം തിരിച്ചറിയുകയും ബാൽക്കണിയിലൂടെ കവാടത്തിൽ നിന്ന് മാറി നടക്കാൻ തുടങ്ങുകയും ചെയ്യുന്നത് ഞാൻ കണ്ടു. ക്രമേണ അവൾ ഏതാനും വാര ദൂരത്തേക്ക് മാറി. ഇതിനിടെ പാമ്പ് കവാടത്തിലൂടെ ഇറങ്ങി അവളുടെ നേരെ തിരിഞ്ഞു. എന്നാൽ അവൾ ഇപ്പോൾ അകലത്തിലായതിനാൽ അത് അവളെ പിന്തുടർന്നില്ല, പകരം നിലത്തേക്ക് ലക്ഷ്യം വെച്ച് ഇറങ്ങുന്നത് തുടർന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ഈ ദർശനത്തിൽ ഒരു പ്രാർത്ഥന അടങ്ങിയിരിക്കുന്നതിനാൽ ആ കുട്ടിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ അനുഗ്രഹീതമായ ഒന്നായി കാണപ്പെടുന്നു. അവൾ എനിക്ക് ആശ്വാസത്തിന് കാരണമാവുകയും ജമാഅത്തിനും പാവപ്പെട്ടവർക്കും പ്രയോജനകരമായിത്തീരുകയും ചെയ്യും. അല്ലാഹുവിനാണ് ഏറ്റവും നന്നായി അറിയാവുന്നത്. *(റുഅ്‌യ വ കശൂഫ് സയ്യിദുനാ മഹ്മൂദ്, പേജ് 416,417; അൽ ഫദ്ൽ, വാല്യം 2, ലക്കം 287, 19 ഡിസംബർ 1948)*

അമതുൽ ജമീൽ സാഹിബയെ പരാമർശിക്കുന്ന ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ മറ്റ് ദർശനങ്ങളുമുണ്ട്. അല്ലാഹു അവരോട് കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ **നെതർലൻഡ്സിലെ ഡോക്ടർ റാശിദ് അഹ്മദ് ഖാൻ** സാഹിബിന്റേതാണ്. നിസാമുദ്ദീൻ സാഹിബിന്റെ മകനാണ്. അദ്ദേഹം തന്റെ 91-ാം വയസ്സിൽ അടുത്തിടെയാണ് വഫാത്തായത്.

اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْنَ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഒരു മൂസിയായിരുന്നു. നാല് ആൺമക്കളും നാല് പെൺമക്കളുമാണ് അദ്ദേഹത്തിനുള്ളത്.

ഡോക്ടർ റാശിദ് സാഹിബിന്റെ പിതാവ് നിസാമുദ്ദീൻ സാഹിബ്, മുൻപ് ഫ്രണ്ടിയർ പ്രവിശ്യയിലെ അമീറായിരുന്ന ഡോക്ടർ ഫതഹുദ്ദീൻ സാഹിബിന്റെ ഇളയ സഹോദരനായിരുന്നു. അദ്ദേഹം വഴിയാണ് അഹ്മദിയ്യത്ത് അവരുടെ കുടുംബത്തിലേക്ക് എത്തിയത്. 1905ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ലുധിയാനയിൽ ഒരു പ്രസംഗം നടത്തിയിരുന്നു. ആ സമയത്ത് ഡോക്ടർ ഫതഹുദ്ദീൻ സാഹിബ് ഒരു വിദ്യാർത്ഥിയായിരുന്നു. അദ്ദേഹം ഒരു മാലാഖയാണ്, നിങ്ങളെ മയക്കികളയും എന്ന് പറഞ്ഞ് ആ പ്രസംഗം കേൾക്കാൻ പോകരുതെന്ന് അന്ന് അധ്യാപകർ വിദ്യാർത്ഥികൾക്ക് കർശന മുന്നറിയിപ്പ് നൽകിയിരുന്നു. പ്രവാചകന്മാർക്കെതിരെ എക്കാലത്തും ഉയരാറുള്ള ഇത്തരം ആരോപണങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെയും അന്ന് ചില പുരോഹിതന്മാർ ഉന്നയിച്ചിരുന്നു.

എങ്കിലും ഫതഹുദ്ദീൻ സാഹിബ് ആ പ്രസംഗം കേൾക്കാൻ പോയി. ആ ചെറിയ പ്രായത്തിൽ തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുമുഖം കണ്ടപ്പോൾ തന്നെ അദ്ദേഹം അവിടുത്തെ സത്യസന്ധതയിൽ ആകൃഷ്ടനായി. പിന്നീട് വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1954ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കാലത്താണ് അദ്ദേഹം ബൈഅത്ത് ചെയ്തത്.

പരേതനായ റാശിദ് സാഹിബ് പ്രകൃത്യാ നീതിമാനും സൗമ്യനും സാമൂഹിക പ്രതിബദ്ധതയുള്ളയാളും ദൈവഭയമുള്ളയാളുമായിരുന്നു. കുടുംബാംഗങ്ങളോടുള്ള കടമകൾ നിറ വേറ്റുന്നതിലും കഷ്ടപ്പാടുകൾ സഹിക്കുന്നതിലും അദ്ദേഹം മുന്നിലായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹവും സമർപ്പണബോധവും പുലർത്തിയിരുന്ന അദ്ദേഹം ധീരനും നിർഭയനുമായിരുന്നു. പാവപ്പെട്ടവരെയും ദരിദ്രരെയും അതീവ രഹസ്യമായി അദ്ദേഹം സഹായിച്ചിരുന്നു. നവമതവിശ്വാസികളായ അഹ്മദികൾക്കെതിരെ എതിരാളികൾ കള്ളക്കേസുകൾ നൽകുമ്പോൾ അവർക്ക് ജാമ്യം ലഭിക്കാനായി അദ്ദേഹം മുൻകൈ എടുത്ത് സഹായിക്കുമായിരുന്നു. ഫുർഖാൻ ഫോഴ്സിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യാപിതാവായ അബ്ബാസ് ഖാൻ സാഹിബിനും സഹോദരൻ മൻസൂർ സാഹിബിനു മൊപ്പം വഖ്ഫെ ജദീദ് പദ്ധതിക്ക് കീഴിൽ ഫ്രണ്ടിയർ പ്രവിശ്യയിലെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) അദ്ദേഹത്തെ നിയോഗിച്ചിരുന്നു. പഴയ അഹ്മദി കുടുംബങ്ങളുമായി ബന്ധം പുന:സ്ഥാപിക്കാനും അഹ്മദിയ്യ സന്ദേശം പ്രചരിപ്പിക്കാനുമായിരുന്നു ആ ദൗത്യം; അദ്ദേഹം അത് ഭംഗിയായി നിറവേറ്റുകയും ചെയ്തു.

തബ്‌ലീഗ് പ്രവർത്തനങ്ങളിൽ അദ്ദേഹം വലിയ താല്പര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമഫലമായി ദൗലത്ത് ഖാൻ സാഹിബ് എന്ന സുഹൃത്ത് അഹ്മദിയ്യത്ത് സ്വീകരിച്ചു. തുടർന്ന് അവർക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. ആരും ജാമ്യം നിൽക്കാൻ മുന്നോട്ട് വരാതിരുന്ന സാഹചര്യത്തിൽ, സത്യവാങ്മൂലങ്ങൾ സ്വീകരിക്കപ്പെടാത്തതിനാൽ റാശിദ് സാഹിബ് തന്റെ മരുമകനോടൊപ്പം നേരിട്ട് അവിടേക്ക് പോയി. അവിടെ തടിച്ചുകൂടിയ അയ്യായിരത്തോളം വരുന്ന പുരോഹിതന്മാരുടെ കൂട്ടം അവർക്ക് നേരെ കല്ലെറിയാൻ തുടങ്ങി. ഒരു കല്ല് മരുമകന്റെ തലയിൽ കൊള്ളുകയും അദ്ദേഹം വീഴുകയും ചെയ്തു. ക്രൂരമായ മർദ്ദന ത്തെത്തുടർന്ന് അദ്ദേഹം അവിടെ വെച്ചുതന്നെ ശഹീദായി. വിവരങ്ങൾ പ്രകാരം, തങ്ങളും പുണ്യം നേടുകയാണെന്ന് പറഞ്ഞ് പോലീസ് ഉദ്യോഗസ്ഥർ പോലും ആ മൃതദേഹത്തിൽ ചവിട്ടിയിരുന്നു.

റാശിദ് സാഹിബും ക്രൂരമായി മർദ്ദിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശരീരത്തിലെ മിക്കവാറും എല്ലാ എല്ലുകളും ഒടിഞ്ഞു, നിരവധി മുറിവുകളേറ്റു. പിൽക്കാലത്ത് ആ പാടുകൾ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്; മുഖത്തെ പാടുകളും ആ പരിക്കുകൾ കാരണം വളഞ്ഞുപോയ അദ്ദേഹത്തിന്റെ കൈകളും ഞാൻ കണ്ടിട്ടുള്ളതാണ്. എന്നിരുന്നാലും അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. അദ്ദേഹം മരിച്ചുവെന്ന് കരുതിയാണ് അക്രമികൾ ഉപേക്ഷിച്ചു പോയത്.

പോലീസുകാർ അദ്ദേഹത്തിന്റെ ശവശരീരമെന്ന് കരുതി ആശുപത്രിക്ക് സമീപമെത്തിയപ്പോൾ, ഞാൻ ജീവനോടെയുണ്ട്, എന്നെ ഇന്നയിന്ന സ്ഥലത്തേക്ക് കൊണ്ടുപോകൂ എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ജീവനോടെയുണ്ടെന്ന് കണ്ട് ഡോക്ടർമാർ അത്ഭുതപ്പെട്ടു.

അദ്ദേഹം ജീവിക്കണമെന്നതായിരുന്നു അല്ലാഹുവിന്റെ വിധി. ആ പരിക്കുകളുണ്ടായിട്ടും 30 വർഷത്തിലധികം അദ്ദേഹം വളരെ സജീവമായി സേവനരംഗത്ത് ഉണ്ടായിരുന്നു. തന്നെ പെഷവാറിലേക്ക് കൊണ്ടുപോകാൻ അദ്ദേഹം പോലീസിനോട് ആവശ്യപ്പെട്ടു. അഹ്മദികളോടുള്ള ശത്രുത കാരണം ആ യാത്ര അപകടകരമായിരുന്നുവെങ്കിലും, നിങ്ങൾക്ക് വേണ്ട പ്രതിഫലം നൽകാം, പക്ഷേ എന്നെ അവിടെ എത്തിക്കണം എന്ന് പറഞ്ഞ് അദ്ദേഹം ഉദ്യോഗസ്ഥരെ സമ്മതിപ്പിച്ചു. അങ്ങനെ അദ്ദേഹം അവിടെ എത്തിച്ചേർന്നു.

അതിനുശേഷം അദ്ദേഹം ചികിത്സയ്ക്കായി റബ്‌വയിലേക്ക് പോവുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് ഒരു പുതുജീവൻ ലഭിക്കുകയും ചെയ്തു. മോർച്ചറിയിലേക്ക് കൊണ്ടുപോകുന്ന അവസ്ഥയിൽ നിന്നും മുപ്പതിലധികം വർഷം സജീവമായി സേവനം ചെയ്യാനുള്ള ആയുസ്സ് അല്ലാഹു അദ്ദേഹത്തിന് നൽകി. പിന്നീട് അദ്ദേഹം നെതർലൻഡ്സിലേക്ക് താമസം മാറുകയും അവിടെ ജമാഅത്ത് പ്രവർത്തനങ്ങളിൽ തുടരുകയും ചെയ്തു.

1974ൽ എതിരാളികൾ തോക്കു ചൂണ്ടി അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും കലിമ ചൊല്ലി മുസ്‌ലിമാകാൻ ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം ധീരമായി മറുപടി നൽകി: ഞാൻ നേരത്തെ തന്നെ അത് ചൊല്ലുന്നവനും അതിൽ വിശ്വസിക്കുന്നവനുമാണ്. എനിക്ക് എങ്ങനെയാണ് വീണ്ടും മുസ്‌ലിമാകാൻ കഴിയുക?' തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നെതിരെ മോശമായി സംസാരിക്കാൻ അവർ ആവശ്യപ്പെട്ടു. അദ്ദേഹം അത് വിസമ്മതിച്ചു കൊണ്ട് പറഞ്ഞു: ഞാൻ അസഭ്യം പറയില്ല. അത് ഇസ്‌ലാമല്ല. ഞാൻ തിരുനബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലുകയും അദ്ദേഹത്തിന്റെ അധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. എനിക്ക് അത്തരമൊരു പ്രവർത്തി ചെയ്യാൻ കഴിയില്ല.

തുടർന്ന് അദ്ദേഹം ഒരു സ്വഹാബിയുടെ സംഭവം വിവരിച്ചു; ഉഹുദ് യുദ്ധത്തിൽ തിരുനബി(സ) വഫാത്തായി എന്ന തെറ്റായ വാർത്ത കേട്ടപ്പോൾ തന്റെ കയ്യിലിരുന്ന കാരയ്ക്ക വലിച്ചെറിഞ്ഞ് രക്തസാക്ഷിയാകുന്നത് വരെ പോരാടിയ സ്വഹാബിയുടെ ചരിത്രം. റാശിദ് സാഹിബ് പറഞ്ഞു: നിങ്ങൾക്കും എനിക്കുമിടയിൽ ഒരു കാരയ്ക്കയുടെ ദൂരം പോലുമില്ല യാതൊരു ദൂരവുമില്ല കാരണം നിങ്ങൾ തോക്ക് എന്റെ നെഞ്ചിന് നേരെ വെച്ചിരിക്കുകയാണ്. ട്രിഗർ അമർത്തി എന്നെ ഒരു രക്തസാക്ഷിയാക്കൂ, പക്ഷേ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെ മോശമായി സംസാരിക്കില്ല.

അത്തരത്തിൽ വലിയ ധീരതയാണ് അദ്ദേഹം പ്രകടിപ്പിച്ചത്. അല്ലാഹു അദ്ദേഹത്തിന് മാപ്പും കരുണയും നൽകട്ടെ, അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുകയും അദ്ദേഹത്തിന്റെ മക്കൾക്ക് സൽപാതയിൽ ഉറച്ചുനിൽക്കാൻ തൗഫീഖ് നൽകുകയും ചെയ്യട്ടെ.

മൂന്നാമത്തെ ജനാസ കാർത്താർപൂരിലെ ചക് 275ലെ മുൻ ജമാഅത്ത് പ്രസിഡന്റും മസ്ജിദ് ഇമാമുമായിരുന്ന പരേതനായ ബശീർ അഹ്മദ് സാഹിബിന്റെ പത്നി സൈനബ് ബീബി സാഹിബയുടേതാണ്. 85-ാം വയസ്സിൽ അടുത്തിടെയാണ് അവർ വഫാത്തായത്.

اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْنَ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ ഒരു മൂസിയയായിരുന്നു. ഫൈസലാബാദിലെ മസ്ജിദ് ദാറുദ്ദിക്റിലെ കെയർടേക്കറായിരുന്നു അവരുടെ പിതാവ് അലി മുഹമ്മദ് സാഹിബ്.

പ്രാർത്ഥനകളിൽ അതീവ താല്പര്യം കാണിച്ചിരുന്ന അവർ തഹജ്ജുദ് നിഷ്ഠയോടെ നിർവ്വഹിച്ചിരുന്നു. അഞ്ചുനേരത്തെ നമസ്കാരത്തിലും വിശുദ്ധ ഖുർആൻ പാരായണത്തിലും അവർ കൃത്യത പുലർത്തിയിരുന്നു. അതിഥി സൽക്കാരപ്രിയയും ഖിലാഫത്തിനോട് ആഴമായ സ്നേഹമുള്ളവരും ഉത്തമ സ്വഭാവത്തിന് ഉടമയുമായിരുന്നു അവർ. പാവപ്പെട്ടവരെ അവർ പരിഗണിച്ചിരുന്നു. വെള്ളിയാഴ്ച ഖുതുബകൾ പതിവായി കേൾക്കുകയും വീട്ടിലുള്ളവരെയെല്ലാം അത് കേൾപ്പിക്കാൻ ഒരുമിച്ചുകൂട്ടുകയും ചെയ്യുമായിരുന്നു.

മൂന്ന് ആൺമക്കളും നാല് പെൺമക്കളുമാണ് അവർക്കുള്ളത്. അവരുടെ നിരവധി കൊച്ചുമക്കൾ വഖ്ഫെ സിന്ദഗികളാണ്. അവരുടെ മകൾ അമതുൽ റാശിദ് സാഹിബ സാംബിയയിലെ ലുസാക്കയിൽ മിഷണറിയായി സേവനമനുഷ്ഠിക്കുന്ന താഹിർ അഹ്മദ് സൈഫി സാഹിബിന്റെ പത്നിയാണ്. മാതാവ് വഫാത്താകുമ്പോൾ ലുസാക്കയിലായിരുന്നതിനാൽ അവർക്ക് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

അല്ലാഹു അവർക്ക് ക്ഷമയും സ്ഥൈര്യവും നൽകട്ടെ, പരേതയ്ക്ക് മാപ്പും കരുണയും ചൊരിയട്ടെ.

*വിവ: അബൂ അത്തിയ*

ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് എം.എ
സീറത്തുന്നബി(സ)
വിവ: അബൂസ്വബാഹ്

# തിരുനബി(സ)യുടെ ജീവചരിത്രവും

## ഇസ്‌ലാമിക ചരിത്രവും: പ്രാരംഭ സ്രോതസ്സുകൾ

ദൈവിക സംരക്ഷണത്തിന്റെ കൈകൾ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ കാരണങ്ങളാൽ, ഇസ്‌ലാമിന്റെ ആരംഭം മുതൽ തന്നെ വിശുദ്ധ ഖുർആന്റെ പാഠങ്ങൾ (Text) മാറ്റത്തിരുത്തലുകളിൽ നിന്നും കൈകടത്തലുകളിൽ നിന്നും സംരക്ഷിക്കപ്പെട്ടു. ഈ കാലഘട്ടത്തിന് ശേഷം, ഖുർആന്റെ ആധികാരിക പകർപ്പുകൾ വിവിധ രാജ്യങ്ങളിൽ വിതരണം ചെയ്യപ്പെടുകയും ഹുഫ്ഫാദുകളുടെ എണ്ണം ഏതെങ്കിലും തരത്തിലുള്ള മാറ്റത്തിരുത്തലുകൾക്കുള്ള സാധ്യതയെ പൂർണ്ണമായും ഇല്ലാതാക്കുന്ന വിധം വർദ്ധിക്കുകയും ചെയ്തു. ഇന്ന് നമ്മുടെ മുന്നിലുള്ള ഖുർആൻ 1300 വർഷങ്ങൾക്ക് മുമ്പ് തിരുനബി(സ)ക്ക് വെളിപ്പെട്ടത് തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് മിത്രങ്ങളും ശത്രുക്കളും ഒരുപോലെ സമ്മതിച്ചിട്ടുണ്ട്; ഒരു സ്വരചിഹ്നത്തിൽ പോലും (Diacritical sign) മാറ്റമില്ലാതെ അത് സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വിവിധ ക്രിസ്ത്യൻ ഗവേഷകരുടെ വീക്ഷണങ്ങൾ താഴെ നൽകുന്നു.

സർ വില്യം മുയിർ എഴുതുന്നു:

ഇത്രത്തോളം പരിശുദ്ധമായ പാഠങ്ങളോടെ (Text) പന്ത്രണ്ട് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന മറ്റൊരു കൃതിയും ഒരുപക്ഷേ ലോകത്ത് വേറെയുണ്ടാവില്ല.

(Life of Mahomet, By Sir William Muir, Volume 1, Introduction, p. 14, Smith, Elder & Co., 65, Cornhill, London (1861).

'മുസ്‌ലിംകൾ പലപ്പോഴും ചെയ്യാറുള്ളത് പോലെ, അവരുടെ വിശുദ്ധ ഗ്രന്ഥത്തിലെ ഈ പരിശുദ്ധമായ പാഠങ്ങളെ ഞങ്ങളുടെ വേദഗ്രന്ഥങ്ങളിലെ (ബൈബിൾ) വിവിധ വായനകളുമായി താരതമ്യം ചെയ്യുന്നത്, ചരിത്രപരമായും അടിസ്ഥാനപരമായ കാര്യങ്ങളിലും യാതൊരു സാമ്യവുമില്ലാത്ത രണ്ട് കാര്യങ്ങളെ തമ്മിൽ താരതമ്യം ചെയ്യുന്നത് പോലെയാണ്.

(Life of Mahomet, By Sir William Muir, Volume 1, Introduction, pp. 2627, Smith, Elder & Co., 65, Cornhill, London (1861).

'മുഹമ്മദ് നബി സ്വയം നൽകിയതും ഉപയോഗിച്ചതുമായ അതേ പാഠങ്ങൾ തന്നെയാണ് ഇന്ന് നമ്മുടെ പക്കലുള്ളതെന്ന കാര്യത്തിൽ ആഭ്യന്തരമായും ബാഹ്യമായുമുള്ള എല്ലാ സുരക്ഷിതത്വവുമുണ്ട്.

(Life of Mahomet, By Sir William Muir, Volume 1, Introduction, p. 27, Smith, Elder & Co., 65, Cornhill, London (1861).

'ഖുർആനിലെ ഓരോ വചനവും മുഹമ്മദ് നബിയുടെ തന്നെ യഥാർത്ഥവും മാറ്റം സംഭവിക്കാത്തതുമായ രചനയാണെന്ന് അങ്ങേയറ്റത്തെ ഉറപ്പോടെ നമുക്ക് സ്ഥിരീകരിക്കാൻ കഴിയും.

(Life of Mahomet, By Sir William Muir, Volume 1, Introduction, p. 20, Smith, Elder & Co., 65, Cornhill, London (1861).

കഴിഞ്ഞ കാലത്തെ പ്രശസ്ത ജർമ്മൻക്രിസ്ത്യൻ പൗരസ്ത്യ ഗവേഷകനും (Orientalist) തന്റെ മേഖലയിലെ വിദഗ്ധനായി അംഗീകരിക്കപ്പെടുകയും ചെയ്യുന്ന നോൾഡെക്കെ (Noldeke). വിശുദ്ധ ഖുർആനെ സംബന്ധിച്ച് പറയുന്നു:

ഇന്ന് നിലവിലുള്ള ഖുർആൻ തിരുനബി(സ)യുടെ സ്വഹാബികളുടെ കാലത്തുണ്ടായിരുന്ന അതേ ഖുർആൻ തന്നെയാണ്. ഖുർആനിൽ പിൽക്കാലത്ത് കൂട്ടിച്ചേർക്കലുകൾ (Interpolation) നടന്നിട്ടുണ്ടെന്ന് തെളിയിക്കാനുള്ള യൂറോപ്യൻ പണ്ഡിതന്മാരുടെ എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടു.

(Encyclopedia Britannica, Under the word "Koran', p. 905, Edition 11)

വെളിപാടുകൾ ഉണ്ടായ കാലം മുതൽ ഇന്നുവരെ വിശുദ്ധ ഖുർആൻ പൂർണ്ണമായും മാറ്റമില്ലാതെ സംരക്ഷിക്കപ്പെട്ടു പോരുന്നു എന്ന സവിശേഷതയ്ക്ക് പുറമെ, മറ്റൊരു പ്രത്യേകത കൂടി ഇതിനുണ്ട്. തിരുനബി (സ)യുടെ 23 വർഷത്തെ പ്രവാചകത്വ കാലഘട്ടത്തിലുടനീളം ഇത് ക്രമാനുഗതമായി വെളിപ്പെട്ടുകൊണ്ടി രുന്നതിനാൽ, അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏതെങ്കിലും ഒരു വശം വിശുദ്ധ ഖുർആൻ നേരിട്ട് വെളിച്ചം വീശാത്തതായി അവശേഷിക്കുന്നില്ല. ഈ പ്രസ്താവനയുടെ പ്രായോഗികമായ വ്യാഖ്യാനം ഹദ്‌റത്ത് ആയിശ(റ) നൽകുന്നുണ്ട്. അവർ പറയുന്നു: كَانَ خُلُقُهُ الْقُرْآن (കാന ഖുലുഖുഹുൽ ഖുർആൻ) അതായത്, തിരുനബി(സ)യുടെ മുഴുവൻ ജീവിതചര്യകളും (സീറത്ത്) വിശുദ്ധ ഖുർആനിൽ ഉൾക്കൊള്ളുന്നു.

*(അവ: തഫ്സീറുൽ ഖുർആനിൽ അളീം, അബുൽ ഫിദാ ഇമാദുദ്ദീൻ ഇബ്നു കസീർ (റഹ്), വാല്യം;8, പേജ് : 206,207, സൂറത്തുന്നൂൻ (അൽഖലം) തഫ്സീർ, 'ഇന്നക ലഅലാ ഖുലുഖിൻ അളീം' (തീർച്ചയായും താങ്കൾ ഉന്നതമായ സ്വഭാവ ഗുണത്തിന്മേലാകുന്നു) ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, ലെബനൻ, ഒന്നാം പതിപ്പ് (1998)).*

അതുകൊണ്ട്, തിരുനബി(സ)യുടെ സ്വഭാവഗുണങ്ങളും പ്രവൃത്തികളും ഉൾ ക്കൊള്ളുന്നതും അദ്ദേഹത്തിന്റെ ഓരോ ദിവസത്തെയും അവസ്ഥകൾ രേഖ പ്പെടുത്തപ്പെട്ടതുമായ ഒരു ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ലോകചരിത്രത്തിൽ ഇത്രയധികം ദൃഢതയോടും ആധികാരികതയോടും കൂടി വ്യക്തിത്വം രേഖ പ്പെടുത്തപ്പെട്ട മറ്റൊരു വ്യക്തിയും തീർച്ചയായും ഉണ്ടാവില്ല. തങ്ങളുടെ ജീവിതകാലത്തോ അല്ലെങ്കിൽ മരണത്തിന് തൊട്ടുപിന്നാലെയോ ജീവചരിത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ട വ്യക്തികൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്, ഇന്നും ഉണ്ട്. . എന്നാൽ, ഓരോ ദിവസത്തെയും കാര്യങ്ങൾ നിരന്തരം രേഖപ്പെടുത്തപ്പെട്ടതിലൂടെ അല്ലാഹുവിന്റെ റസൂലായ തിരുനബി(സ)ക്കും വിശുദ്ധ ഖുർആനും ലഭിച്ച ആ സവിശേഷത ഇന്നുവരെ മറ്റൊരു വ്യക്തിക്കും ലഭിച്ചിട്ടില്ല. പാശ്ചാത്യ ഗവേഷകരും വിശുദ്ധ ഖുർആന്റെ ഈ സവിശേഷതയെ പരസ്യമായി അംഗീകരിച്ചിട്ടുണ്ട്. സർ വില്യം മുയിർ ഇപ്രകാരം എഴുതുന്നു:

ഈ നിഗമനത്തിന്റെ പ്രാധാന്യം എത്ര പറഞ്ഞാലും അധികമാവില്ല. ഇസ്‌ലാമിന്റെ ഉദയത്തെക്കുറിച്ചും അതിന്റെ സ്ഥാപകന്റെ സ്വഭാവത്തെക്കുറിച്ചുമുള്ള എല്ലാ അന്വേഷണങ്ങളുടെയും അടിസ്ഥാനശിലയും ഉരകല്ലുമായി ഖുർആൻ മാറുന്നു. അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിലുടനീളം രേഖപ്പെടുത്തപ്പെട്ടതും, അദ്ദേഹത്തിന്റെ മതപരമായ വീക്ഷണങ്ങളെയും പൊതുപ്രവർത്തനങ്ങ ളെയും വ്യക്തിപരമായ സ്വഭാവത്തെയുമെല്ലാം വിശദീകരിക്കുന്നതുമായ തിരുനബി(സ)യുടെ സ്വന്തം വാക്കുകളുടെ ഒരു വലിയ ശേഖരമാണിത്.

തിരുനബി(സ)യുടെ സ്വഭാവത്തിന്റെ തന്നെ അത്രത്തോളം കൃത്യമായ ഒരു കണ്ണാടിയാണ് ഖുർആൻ. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ സ്വഭാവം ഖുർആൻ ആണ് എന്നത് ആദ്യകാല മുസ്‌ലിംകൾക്കിടയിൽ ഒരു പഴഞ്ചൊല്ലായി മാറിയത്.

(Life of Mahomet, By Sir William Muir, Volume 1, Introduction, pp. 563, Smith, Elder & Co., 65, Cornhill, London (1861)).

കൂടാതെ, പ്രശസ്ത ബ്രിട്ടീഷ് പൗരസ്ത്യ ഗവേഷകനായ പ്രൊഫ


• ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

സർ റെയ്നോൾഡ് എ. നിക്കോൾസൺ തന്റെ ലിറ്ററി ഹിസ്റ്ററി ഓഫ് ദി അറബ്സ് (Literary History of the Arabs) എന്ന കൃതിയിൽ ഇപ്രകാരം എഴുതുന്നു:

ഖുർആൻ അങ്ങേയറ്റം മാനുഷികമായ ഒരു രേഖയാണ്. മുഹമ്മദ് നബിയുടെ വ്യക്തിത്വത്തിന്റെ ഓരോ വശങ്ങളെയും അത് പ്രതിഫലിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ബാഹ്യമായ സംഭവങ്ങളുമായി അത് അടുത്ത ബന്ധം പുലർത്തുന്നു. അതിനാൽ ഇസ്‌ലാമിന്റെ ഉദയത്തെയും ആദ്യകാല വളർച്ചയെയും കുറിച്ച് പഠിക്കുന്നതിന് സമാനതകളില്ലാത്തതും തർക്കമറ്റതുമായ ആധികാരിക രേഖകൾ ഇതിലൂടെ നമുക്ക് ലഭിക്കുന്നു. ബുദ്ധമതത്തിലോ ക്രിസ്തുമതത്തിലോ മറ്റ് പുരാതന മതങ്ങളിലോ ഇത്തരമൊരു സ്രോതസ്സ് നിലവിലില്ല.

(A Literary History of the Arabs, By Reynold A. Nicholson, Chapter IV, p. 143, T. Fisher Unwin Ltd., London, Second Edition (1930)).

ചുരുക്കത്തിൽ, ഇസ്‌ലാമിക സാഹിത്യത്തിൽ തിരുനബി(സ)യുടെ ജീവിതചരിത്രത്തിന്റെയും സീറത്തിന്റെയും യഥാർത്ഥവും ആധികാരികവുമായ രേഖയാണ് വിശുദ്ധ ഖുർആൻ എന്ന് മാത്രമല്ല, ലോകത്തെ മറ്റൊരു വ്യക്തിയുടെ ചരിത്രവുമായും മറ്റൊരു ഗ്രന്ഥത്തിനുമില്ലാത്ത അത്രയും ഉന്നതമായ സ്ഥാനം തിരുനബി(സ)യുടെ സീറത്തുമായി ബന്ധപ്പെട്ട് ഖുർആനുണ്ട്. അതിന്റെ സത്യസന്ധത അത്രമേൽ മഹത്തരമാണ്; മിത്രങ്ങൾ പോയിട്ട് ശത്രുക്കൾ പോലും അതിനെ വിമർശിക്കാൻ ധൈര്യപ്പെട്ടിട്ടില്ല. (തുടരും)

പേജ് 1 ൽ നിന്ന് **തഫ്സീർ**

ഈ സ്ഥാനത്ത് هَمَزٰتِ الشَّيٰطِيْنِ എന്നതിൽ ഏതെങ്കിലും തരത്തിലുള്ള ശൈത്വാനി വസ്വാസുകളെ (ദുർമന്ത്രണങ്ങളെ) കുറിച്ചല്ല പരാമർശിക്കുന്നത്. മറിച്ച്, ഇസ്‌ലാമിനെ എതിർക്കുകയും തിരുനബി(സ)യെ വിവിധ തരത്തിൽ കഷ്ടപ്പെടുത്തുകയും ചെയ്തിരുന്ന ശത്രുക്കളെയാണ് ഇവിടെ شياطين എന്ന് വിളിച്ചിരിക്കുന്നത്. കാരണം هَمْز എന്ന വാക്കിന്റെ ഒരർത്ഥം ഞെരുക്കുക അഥവാ പ്രയാസപ്പെടുത്തുക എന്നാകുന്നു. هَمَزْتُ الشَّيْءَ فِيْ كَفِّيْ എന്ന് പറഞ്ഞാൽ 'ഞാൻ ഒരു വസ്തുവിനെ എന്റെ കൈവെള്ളയിൽ അമർത്തി ഞെരിച്ചുകളഞ്ഞു' എന്നാണ് അർത്ഥമാക്കുന്നത് (മുഫ്‌റദാത്തെ ഇമാം രാഗിബ്).

അതുകൊണ്ട്,

رَبِّ اَعُوْذُ بِكَ مِنْ هَمَزٰتِ الشَّيٰطِيْنِ
وَاَعُوْذُ بِكَ رَبِّ اَنْ يَّحْضُرُوْ

എന്ന വചനത്തിലൂടെ പഠിപ്പിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥന ഇതാണ്: 'എന്റെ നാഥാ, എന്നെ തകർക്കാൻ വേണ്ടി ശൈത്വാനി ശക്തികൾ നടത്തുന്ന ആക്രമണങ്ങളിൽ നിന്ന് നീ എന്നെ രക്ഷിക്കേണമേ. അവർ എന്നെ കീഴ്പ്പെടുത്തുക എന്നത് പോയിട്ട്, അവർ എന്റെ അടുത്തേക്ക് പോലും വരാതിരിക്കാൻ ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു.' അതായത് അവർക്ക് എനിക്ക് യാതൊരു തരത്തിലുള്ള പ്രയാസവും ഏൽപ്പിക്കാൻ കഴിയരുത്.

ഇതിനെത്തുടർന്നുള്ള സൂക്തമായ

حَتّٰۤى اِذَا جَآءَ اَحَدَهُمُ الْمَوْتُ قَالَ رَبِّ
ارْجِعُوْنِ ۙ لَعَلِّيْۤ اَعْمَلُ صَالِحًا فِيْمَا تَرَكْتُ

എന്ന വചനവും ഈ അർത്ഥത്തെയാണ് ശരിവെക്കുന്നത്. അവിടെയും ശൈത്വാനി വസ്വാസുകളെക്കുറിച്ചല്ല, മറിച്ച് തിരുനബി(സ)യെ ഉപദ്രവിച്ചിരുന്ന മനുഷ്യരായ ശൈത്വാനുകളെക്കുറിച്ചാണ് (انسان شياطين) പരാമർശിക്കുന്നത്. അല്ലാത്തപക്ഷം ഈ സൂക്തത്തിന്റെ മുൻപും പിൻപുമുള്ള ഭാഗങ്ങൾ തമ്മിൽ യാതൊരു പൊരുത്തവുമില്ലാതെ പോകുമായിരുന്നു.'

*(തഫ്സീറെ കബീർ, വാല്യം 6, സൂറത്തുൽ മുഅ്മിനൂൻ 97,98 സൂക്തങ്ങളുടെ വ്യാഖ്യാനം)*

പേജ് 1 ൽ നിന്ന് **ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങൾ:**

മിക്ക ആളുകളും തങ്ങളുടെ ശത്രുക്കളോട് സ്നേഹം പ്രകടിപ്പിക്കുകയും മധുരമായി സംസാരിക്കുകയും ചെയ്തേക്കാം, എന്നാൽ അവരുടെ അവകാശങ്ങൾ തട്ടിയെടുക്കുന്നു. ഒരു സഹോദരൻ മറ്റൊരു സഹോദരനെ സ്നേഹിക്കുന്നു, എന്നാൽ ആ സ്നേഹത്തിന്റെ മറവിൽ അവനെ വഞ്ചിക്കുകയും അവന്റെ അവകാശങ്ങൾ തട്ടിയെടുക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഒരു ഭൂവുടമയാണെങ്കിൽ ബുദ്ധിപൂർവ്വം രേഖകളിൽ മറ്റവന്റെ പേര് ചേർപ്പിക്കില്ല, അതേസമയം അവന് വേണ്ടി മരിക്കാൻ പോലും തയ്യാറാണെന്ന് സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് അല്ലാഹു ഈ സൂക്തത്തിൽ സ്നേഹത്തെക്കുറിച്ചല്ല പരാമർശിച്ചത്, മറിച്ച് സ്നേഹത്തിന്റെ മാനദണ്ഡത്തെക്കുറിച്ചാണ്. കാരണം, തന്റെ കടുത്ത ശത്രുവിനോട് പോലും നീതി പുലർത്തുകയും സത്യസന്ധതയിൽ നിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ സ്നേഹം ഉള്ളവൻ.

*(നൂറുൽ ഖുർആൻ നമ്പർ 2, പേജ് 21- 22) (അവലംബം: തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്, തഫ്സീർ സൂറത്തുൽ മാഇദ, സൂക്തം 9)*

**ജമാഅത്തുകളുടെ ശ്രദ്ധക്ക്!**

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

**• ഹദീഥുന്നബ്‌വി ﷺ •**

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**

**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

**ലജ്ന ഇമാഇല്ലാഹ് ഭാരത്**

**ദേശീയ ഇജ്തിമാഅ്** 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരിമാർ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.

അല്ലാഹു പരമാവധി ലജ്ന, നാസിറാത്ത് അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. (സദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്)

**• ഹദീഥുന്നബ്‌വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്‌വി ﷺ •**

**"ബജ്ജിലുൽ മശാഇഖ."**

**പ്രായമുള്ളവരെ ബഹുമാനിക്കുക.**

tectona feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

പേജ് 2ൽ നിന്ന്

അമേരിക്കയുടെ പ്രസിഡന്റ് പദവിയിലാണ് ഇരിക്കുന്നത്. അതിനാൽ താങ്കളുടെ രാജ്യത്തിന്റെ ഭാവിയിൽ മാത്രമല്ല, ആഗോളതലത്തിലും സ്വാധീനം ചെലുത്തുന്ന തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം താങ്കൾക്കുണ്ട്...

മറ്റ് രാജ്യങ്ങളെ നയിക്കുന്നതിന് ശക്തി ഉപയോഗിക്കുന്നതിന് പകരം നയതന്ത്രവും രാഷ്ട്രീയ വിവേകവും ബുദ്ധിശക്തിയും ഉപയോഗിക്കണമെന്ന് താങ്കളോടും മറ്റ് ലോക നേതാക്കളോടും ഞാൻ അഭ്യർത്ഥിക്കുന്നു. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിൽ അമേരിക്കയെപ്പോലെയുള്ള വലിയ ശക്തികൾ തങ്ങളുടെ പങ്ക് നിർവ്വഹിക്കണം. ചെറിയ രാജ്യങ്ങളുടെ തെറ്റുകളെ ഒരു ഒഴികഴിവായി കണ്ട് ലോകത്തിന്റെ ക്രമസമാധാനം തകർക്കരുത്...

മൂന്നാം ലോകമഹായുദ്ധത്തിന്റെ തീജ്വാലകൾ പടരുന്നതിൽ നിന്ന് ലോകത്തിലെ വലുതും ചെറുതുമായ ശക്തികളെ തടഞ്ഞുനിർത്താൻ താങ്കളുടെ മുഴുവൻ ശ്രമങ്ങളും ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമാധാനം സ്ഥാപിക്കാനുള്ള ശ്രമങ്ങളിൽ നമ്മൾ പരാജയപ്പെട്ടാൽ, തീർച്ചയായും ഈ യുദ്ധം ഏഷ്യയിലെയും യൂറോപ്പിലെയും പാവപ്പെട്ട രാജ്യങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കില്ല. നമ്മുടെ വരും തലമുറകൾ ഇതിന്റെ പ്രത്യാഘാതം അനു'വിക്കേണ്ടി വരും. ആണവയുദ്ധം കാരണം ലോകമെമ്പാടും വികലാംഗരായ കുട്ടികൾ ജനിക്കുമ്പോൾ, ഇത്രയും വലിയ ആഗോള നാശത്തിന് കാരണക്കാരായ തങ്ങളുടെ പൂർവ്വികർക്ക് വരും തലമുറ ഒരിക്കലും മാപ്പുനൽകില്ല... അല്ലാഹു താങ്കൾക്കും എല്ലാ ലോക നേതാക്കൾക്കും ഈ സന്ദേശം മനസ്സിലാക്കാൻ തൗഫീഖ് നൽകട്ടെ.' (*വേൾഡ് ക്രൈസിസ് ആൻഡ് ദി പാത്ത് ടു പീസ്, പേജ് 175...177*)

സമാധാനത്തിന്റെയും ശാന്തിയുടെയും രാജകുമാരനായ ഖലീഫയുടെ ഈ പവിത്രമായ ശബ്ദം ലോകം കേൾക്കുന്നതിനായി പ്രസ്തുത പ്രസംഗങ്ങളും കത്തുകളും ഈ ദിവസങ്ങളിൽ പരമാവധി പ്രചരിപ്പിക്കേണ്ടത് അത്യാവശ്യമാണ്. എല്ലാ വെള്ളിയാഴ്ചയും ഹുസൂർ പ്രാർത്ഥനയ്ക്കായി ആഹ്വാനം ചെയ്യുന്നുണ്ട്. അതിനാൽ ഭയത്തിന്റെയും അശാന്തിയുടെയും അന്തരീക്ഷം മാറി ലോകത്ത് സമാധാനത്തിന്റെയും ശാന്തിയുടെയും കുളിർകാറ്റുകൾ വീശുന്നതിനായി നമ്മൾ അഹ്മദികൾ പതിവായി പ്രാർത്ഥിക്കുകയും അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

## ജാമിഅ അഹ്മദിയ്യാ ഖാദിയാൻ അഡ്മിഷൻ ആരം'ച്ചിരിക്കുന്നു!

**കോഴ്സുകൾ:**

* മുറബ്ബി കോഴ്സ് (ഏഴ് വർഷത്തെ കോഴ്സ്)

* ഷോർട്ട് ടേം മുഅല്ലിം കോഴ്സ്

ഹദ്റത്ത് മസീഹ് മൗഊദ്(അ)ൻറെ തിരുഹസ്തങ്ങളാൽ സ്ഥാപിതമായ പരിശുദ്ധമായ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ. അവിടെനിന്നും നൂറുകണക്കിന് പണ്ഡിതന്മാരും മുബല്ലിഗ്മാരും പഠനം പൂർത്തിയാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എത്തിക്കുന്നതിനുള്ള മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) പല അവസരങ്ങളിലും അഹ്മദികളായ വിദ്യാർത്ഥികളോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധാർമിക പാഠശാലയിൽ ചേർന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിനെ സേവിക്കാൻ ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖിഫീനെ നൗ വിദ്യാർത്ഥികളും അല്ലാത്തവരും ജാമിഅ അഹ്മദിയ്യായിൽ പ്രവേശം നേടി ജമാഅത്തിന്റെ സേവനത്തിനായി മുന്നോട്ട് വരേണ്ടതാണ്.

സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഈ വർഷം ജാമിഅ അഹ്മദിയ്യായിൽ ഏപ്രിൽ 1 മുതൽ (ഏഴ് വർഷത്തെ മുറബ്ബി കോഴ്സ്, ഷോർട്ട് ടേം മുഅല്ലിം കോഴ്സ്, മദ്റസത്തുൽ ഹിഫ്ള് എന്നിവയിലേക്ക്) പ്രവേശന നടപടികൾ ആരംഭിച്ചിരിക്കുന്നു. മെട്രിക് (പത്താം ക്ലാസ്) അല്ലെങ്കിൽ +2 പരീക്ഷകൾ പൂർത്തിയാക്കിയവരും ജാമിഅയിലോ മുഅല്ലിം കോഴ്സിലോ ചേരാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ വഖ്ഫെ നൗ ഭാരത് വിഭാഗവുമായോ നിസാറത്തെ തഅ്ലീമുമായോ ബന്ധപ്പെടുക. എത്രയും വേഗം അപേക്ഷാ ഫോമുകൾ പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരത് (നിസാറത്തെ തഅ്ലീം) ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**അഡ്മിഷൻ നിബന്ധനകൾ :**

മെട്രിക് പാസ്സായവർക്ക് പ്രായപരിധി 17 വയസ്സും +2 പാസ്സായവർക്ക് 19 വയസ്സുമാണ്. ഹാഫിസുകൾക്ക് (ഖുർആൻ മന:പാഠമാക്കിയവർക്ക്) പ്രായപരിധിയിൽ പ്രത്യേക ഇളവ് നൽകുന്നതാണ്.

പ്രവേശനത്തിനായി നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർത്ഥികളെ ഇൻറർവ്യൂവിനും എഴുത്തുപരീക്ഷയ്ക്കും വിധേയമാക്കുകയും യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ, ഇസ്ലാം, അഹ്മദിയ്യത്ത്, മതപരമായ അറിവുകൾ, ഉറുദു, ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയെ ആസ്പദമാക്കിയായിരിക്കും എഴുത്തുപരീക്ഷ.

എഴുത്തുപരീക്ഷയിലും ഇൻറർവ്യൂവിലും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഖാദിയാൻ നൂർ ഹോസ്പിറ്റലിൽ മെഡിക്കൽ പരിശോധന ഉണ്ടായിരിക്കും. ഇതിലെല്ലാം വിജയിക്കുന്നവർക്ക് സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ജാമിഅയിൽ പ്രവേശനം നൽകുന്നതാണ്.

വിവാഹിതർ/ബിരുദധാരികൾ എന്നിവർക്ക് ഷോർട്ട് ടേം മുഅല്ലിം കോഴ്സിന്റെ കാലാവധി രണ്ടര വർഷമാണ് (24 മാസം പഠനവും 6 മാസം ട്രെയിനിംഗും). മെട്രിക്/+2 മാത്രം പാസ്സായവർക്ക് ഇത് മൂന്നര വർഷമായിരിക്കും (3 വർഷം പഠനവും 6 മാസം ട്രെയിനിംഗും).

അപേക്ഷാ ഫോമിന് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:

Email: qdnwaqfenau@gmail.com
WAQFENAUDEPARTMENT (NAZARAT TALEEM)
Darul Balagh, CIVIL LINE, QADIAN
DISTT: GURDASPUR, PUNJAB (INDIA) PIN: 143516
CONTACT: 01872500975
(പ്രസിഡൻറ്, നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്**

## ദേശീയ ഇജ്തിമാഅ്

2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തി മായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.

അല്ലാഹു പരമാവധി ഖുദ്ദാം, അത്ഫാൽ അംഗങ്ങൾക്ക് ഈ ഇജ്തി മായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്)

EVERYTHING IN ONE PLACE
THE REVIEW OF RELIGIONS


EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 30 April 2026 Issue:18

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ ഖാദിയാൻ

### സുന്നത്ത് നമസ്കാരങ്ങൾ

ഹദ്റത്ത് അമ്മാജാൻ (റ) എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന് മുൻപുള്ള സുന്നത്തുകൾ വീട്ടിൽ വെച്ചാണ് നിർവ്വഹിച്ചിരുന്നത്. ശേഷമുള്ള സുന്നത്തുകൾ സാധാരണയായി വീട്ടിലും ചിലപ്പോൾ പള്ളിയിലും വെച്ച് നിർവ്വഹിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരം ദീർഘിപ്പിക്കാറുണ്ടോ അതോ ലഘുവായിട്ടാണോ നിർവ്വഹിക്കാറുള്ളത് എന്ന് ഞാൻ ചോദിച്ചപ്പോൾ, സാധാരണയായി ലഘുവായിട്ടാണ് നമസ്കരിച്ചിരുന്നതെന്ന് അമ്മാ ജാൻ (റ) മറുപടി നൽകി.

### ഓറഞ്ച്

ഹദ്റത്ത് അമ്മാജാൻ (റ) എന്നോട് വിവരിച്ചു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ തോട്ടത്തിലൂടെ നടക്കുകയായിരുന്നു. ഒരു ഓറഞ്ച് മരത്തിന് അടുത്തു കൂടി പോയപ്പോൾ ഉമ്മയോ മറ്റാരോ പറഞ്ഞു, ഈ സമയത്ത് ഒരു ഓറഞ്ച് കഴിക്കാൻ തോന്നുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു, നിനക്ക് ഓറഞ്ച് വേണോ?. വേണമെന്ന് മറുപടി ലഭിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ മരത്തിന്റെ ചില്ലകളിൽ കൈകൊണ്ട് ഒന്ന് തട്ടി. അവിടുത്തെ കൈ ചില്ലകളിൽ നിന്ന് മാറ്റിയപ്പോൾ കൈയ്യിൽ ഒരു ഓറഞ്ച് ഉണ്ടായിരുന്നു. അവിടുന്ന് അത് അവർക്ക് നൽകി. ആ ഓറഞ്ച് എങ്ങനെയുള്ളതായിരുന്നു എന്ന് ഞാൻ ചോദിച്ചപ്പോൾ, അത് മഞ്ഞനിറത്തിലുള്ള നല്ല പഴുത്ത ഓറഞ്ചായിരുന്നു എന്ന് ഉമ്മ പറഞ്ഞു. അത് കഴിച്ചോ എന്ന് ചോദിച്ചപ്പോൾ അത് ഓർമ്മയില്ലെന്ന് അവർ മറുപടി നൽകി. എങ്ങനെയാണ് കൈകൊണ്ട് തട്ടിയത് എന്ന് ചോദിച്ചപ്പോൾ, ഒരു ഫലം പറിച്ചെടുക്കുമ്പോൾ മരത്തിൽ കൈ തങ്ങി നിൽക്കുന്നത് പോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈ തങ്ങി നിന്നില്ലെന്നും, മറിച്ച് കൈ കൊണ്ട് അടിക്കുകയും ഉടൻ തന്നെ കൈ പിൻവലിക്കുകയും ചെയ്തു എന്ന് അവർ കാണിച്ചുതന്നു. അത് ഓറഞ്ച് സീസൺ ആയിരുന്നോ എന്ന് ചോദിച്ചപ്പോൾ അല്ലെന്നും ആ മരത്തിൽ ഫലങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ലെന്നും അമ്മാജാൻ (റ) പറഞ്ഞു.

മൗലവി ശേർ അലി സാഹിബിനോട് ഞാൻ ഈ വിവരം പറഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)വിൽ നിന്നും അദ്ദേഹം ഇത് കേട്ടിട്ടുണ്ടെന്ന് പറഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറഞ്ഞത് തന്റെ ആവശ്യപ്രകാരമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ ഓറഞ്ച് നൽകിയത് എന്നാണ്. (തുടരും)

### ജനന വാർത്ത

പാലക്കാട് മുറബ്ബി സിൽസില മൗലവി സഈദ് അഹ്മദ് സാഹിബിന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2026 ഏപ്രിൽ 17 വെള്ളിയാഴ്ച രണ്ടാമത്തെ പെൺകുഞ്ഞ് ജനിച്ചിരിക്കുന്നു. ഹുസൂർ അൻവർ കുഞ്ഞിന് മാഹം സഈദ് എന്ന് പേരിട്ടിരിക്കുന്നു. അൽഹംദുലില്ലാഹ്, കുഞ്ഞ് വഖ്ഫെ നൗ എന്ന അനുഗൃഹീത പദ്ധതിയിൽ അംഗമാണ്.

കൂടാതെ വി.വി. സുലൈമാൻ സാഹിബിന്റെയും പി.പി. ലൈല സാഹിബയുടെയും(കോഴിക്കോട്) പൗത്രിയും, കോയമ്പത്തൂരിലെ മുഹമ്മദ് ഇഖ്ബാൽ സാഹിബിന്റെ ദൗഹിത്രിയുമാണ്.

അല്ലാഹു തആല കുഞ്ഞിന് ആരോഗ്യവും ദീർഘായുസ്സും നൽകി അനുഗ്രഹിക്കട്ടെ.

ദീനിലും ദുനിയാവിലും വിജയിപ്പിക്കുകയും മാതാപിതാക്കൾക്ക് കൺകുളിർമ്മയാക്കി മാറ്റുകയും ചെയ്യുമാറാകട്ടെ. ആമീൻ. *(രാജാ ജമീൽ, ഇൻസ്പെക്ടർ ബദ്ർ)*

### നികാഹ് വിളംബരം

2026 ജനുവരി 25ന് സുഹൈൽ അഹ്മദ് സാഹിബും (S/O മുഹമ്മദ് സിദ്ദീഖ് ഇല്യാസ് സാഹിബ്, ജമാഅത്ത് അഹ്മദിയ്യാ ചാവക്കാട്) മുഹമ്മദ് അമത്തുൽ ബാരി സാഹിബയും (D/O മുഹമ്മദ് സിറാജ് സാഹിബ് ഓഫ് രാജ്മുന്ദ്രി, വറങ്കൽ തെലുങ്കാന) തമ്മിലുള്ള നികാഹ് ഖുത്ബ മൗലവി എം.പി. മുഹമ്മദ് ഹനീഫ് സാഹിബ് (മുറബ്ബി സിൽസില) നിർവഹിച്ചു. നാല് ലക്ഷം രൂപയാണ് ഹഖ് മെഹർ.

അല്ലാഹു തആല ഈ ബന്ധം ഇരു കുടുംബങ്ങൾക്കും ജമാഅത്തിനും അനുഗൃഹീതമാക്കട്ടെ. ആമീൻ. *(രാജാ ജമീൽ അഹ്മദ് ഇൻസ്പെക്ടർ, ബദ്ർ വാരിക)*

**മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്**

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH–O–IRSHAD MARKAZIA, QADIAN

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin